# സാഹിത്യമഞ്ജരി.

## എട്ടാംഭാഗം

ഗ്രന്ഥകർത്താ:

**വള്ളത്തോൾ**

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പ്　　　　　　　　കോപ്പി 1000

വില 1 ക.

പ്രസാധകന്മാർ,
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി, ഷൊർണ്ണൂർ.

1126 കന്നി

തൃശ്ശിവപേരൂർ
വള്ളത്തോൾ പ്രിണ്ടിംഗ് & പബ്ളിഷിംഗ് ഹൌസിൽ
അച്ചടിച്ചതു്.

Digitized By Kerala Sahitya Akademi

# വിഷയവിവരം


| | എഴുതിയ കാലം | ഭാഗം |
|---|---|---|
| ൧. ഇരുളിൽനിന്ന് (കേക) | 1106 വൃശ്ചികം | 1 |
| ൨. പാംസുസ്നാനം (ശ്ലോകം) | 1116 ചിങ്ങം | 8 |
| ൩. വിശ്രമസുഖം (കേക) | 1112 തുലാം | 16 |
| ൪. മറിമായം (കാകളി) | 1111 തുലാം | 19 |
| ൫. എന്റെ പ്രയാഗസ്നാനം (കേക) | 1104 കുംഭം | 26 |
| ൬ നിത്യകന്യക (കേക) | 1121 മീനം | 31 |
| ൭. പനിനീർപ്പൂവും പൈതലും (മാകന്ദമഞ്ജരി) | 1117 ചിങ്ങം | 43 |
| ൮. മണൽക്കാററ് (കേക) | 1102 കുംഭം | 45 |
| ൯. ഒരു വിവാഹോത്സവം (കാകളി) | 1117 ഇടവം | 51 |
| ൧൦ പെററമ്മേ, പ്രസീദ! (കേക) | 1117 വൃശ്ചികം | 58 |
| ൧൧. ഇന്നത്തെ നിഘണ്ടുവിൽ (കാകളി) | 1122 മിഥുനം | 63 |
| ൧൨. നിലനില്പ് (അന്നനട) | 1122 കന്നി | 68 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സാഹിത്യമഞ്ജരി.

## എട്ടാംഭാഗം

---

## ൧. ഇരുളിൽനിന്ന്

(കേക)

1. ആവലിൻ ചിറകുകളിളകി കൂടെക്കൂടെ;
രാവിനെങ്ങോട്ടോ പോകാൻ വാഹനമിവയാമോ!
മൈത്രിയാൽപ്പേർത്തും പേർത്തും വിടചോദിച്ചീടിന
രാത്രിയോടനുമതിമൂളിയ മൂങ്ങക്കൂട്ടം,

---

1. ആവലുകൾ, പുലരാൻകാലമാവുമ്പോൾ, വൃക്ഷങ്ങളിലേയ്ക്കു നിരനിരയായി പറക്കാറുണ്ടല്ലോ; അതിനെ, രാത്രിയ്ക്കു പോകാനുള്ള വാഹനമാണെന്ന് ഉൽപ്രേക്ഷിയ്ക്കുന്നു. മൈത്രി .......മൂങ്ങക്കൂട്ടം—പേർത്തും പേർത്തും വിടചോദിച്ചീടിന എന്നതുകൊണ്ടു വിട്ടുപിരിയുന്നതിലുള്ള മടി ധ്വനിയ്ക്കുന്നു. അനുമതിമൂളിയ—മൂങ്ങകളുടെ മൂളലിനെ രാത്രിയ്ക്കു പോകാനുള്ള അനുമതിയായി അധ്യവസായംചെയ്തിരിയ്ക്കുന്നു. ആല്പക.........ചൊ

Digitized By Kerala Sahitya Akademi

അല്ല്കന്നക്ക്ജ്ജ്യോതിസ്സണഞ്ഞപ്പോഴോ, കൺകെ-
ല്പില്ലാഞ്ഞു പതുങ്ങുന്ന വല്ല പൊത്തുകളിലും.
എന്തമസ്സിനെ യാശ്രയയപ്പാനൊരുങ്ങാറു-
ണ്ടന്തരാന്തരാ ഞാനും തന്നെത്താൻ മറക്കയാൽ:
സന്തതചിത്തേജസ്സേ, സൂര്യന്നുമൊരു സൂര്യൻ
നിന്തിരുവടി കാലേ പ്രത്യക്ഷീഭവിച്ചെന്നാൽ

---

ത്തുകളിലും=ഇരുട്ടുമായി ഇടപഴകിശ്ശീലിച്ച മൃഗങ്ങൾ, അല്ല കന്നു് (=ഇരുട്ടകന്നു്) അക്ക്ജ്ജ്യോതിസ്സ് (=സൂര്യപ്രഭ) അണഞ്ഞപ്പോൾ, കണ്ണിന്നു കെല്പില്ലാതെ—വെളിച്ചംകാണാൻ കണ്ണിന്നു ശക്തിയില്ലാതെ—ഏതെങ്കിലും പൊത്തുകളിൽപ്പോയി ഒളിയ്ക്കുന്നു. ഇങ്ങനെയാണു്, അല്ലുമായി—അജ്ഞാനവുമായി—ഇടപഴകിയക്കൂട്ടർ വെളിച്ചം കാണുമ്പോൾ—പരമമായ ജ്ഞാനത്തിന്റെ ദീപ്തിയുമായി ഏററുമുട്ടുമ്പോൾ—സംഭവിയ്ക്കുക എന്നു് കവി തന്റെ അനുഭവത്താൽ കാണിയ്ക്കുന്നു: എന്തമസ്സിനെ—എന്റെ ഇരുട്ടിനെ—മുററിന അജ്ഞാനത്തെ. അന്തരാന്തരാ=കൂടെക്കൂടെ. ഞാനും തന്നെത്താൻ മറക്കയാൽ—വെളിച്ചത്തോടിടപെടാൻ പോരാത്തവനാണെന്നു വിസ്മരിയ്ക്കയാൽ. സന്തതചിത്തേജസ്സ്=സനാതനമായ ബ്രഹ്മതേജസ്സ്. സൂര്യന്നുമൊരുസൂര്യൻ—ലോകത്തിന്നുവെളിച്ചംകൊടുക്കുന്ന സൂര്യന്നുതന്നെയും വെളിച്ചം കൊടുക്കുന്ന ഒരു സൂര്യനാണു്, ഈ സനാതനബ്രഹ്മതേജസ്സ്; അങ്ങിനെയുള്ള നിന്തിരുവടി, കാലേ (=സമയത്തു്) പ്രത്യക്ഷീഭവിച്ചെന്നാൽ—പ്രത്യക്ഷനായാൽ—അശക്താക്ഷനായ(കൺകെല്പില്ലാത്ത) ഞാൻ—ആ ദീപ്തിയുടെനേക്ക നോക്കാൻതക്കവണ്ണം കണ്ണിന്നു ശക്തിയില്ലാത്ത മറെറാരു മൃഗമായ ഞാൻ—എന്തൊരു വിഷമാവസ്ഥയിലാവും അകപ്പെട്ട

Digitized By Kerala Sahitya Akademi

എന്തൊരു നിലയിലായ്പ്പോദയസ്സമന്നേരത്തു
ഹന്ത, മറ്റൊരു മൂങ്ങയായ ഞാനശക്താക്ഷൻ!

2. കാണുകിലതോടൊപ്പം—വയ്യാ—മേ കടുംപേടി:
ഞാനൊരു തമഃപ്രാണി, നിന്മുഖം ദീപ്താൽ ദീപ്തം.
അങ്ങയെക്കാണേണമെന്നില്ലെനിക്കു;-വിടുന്നു-
ണ്ടെങ്ങുമെന്തിലുമെന്നു കേട്ടിരിപ്പതേ പോരും.
ഈയിവൻ മേവും മഹാഗോളത്തിനെക്കാളനേ-
കായിരമിരട്ടിയാണെവതൻ വലുപ്പം പോൽ,

---

ക! മറ്റൊരു മൂങ്ങയായ ഞാൻ—സാധാരണമൂങ്ങയെപ്പോലെ തന്നെ തനിക്കു് ഇരുട്ടുമായുള്ള അടുപ്പത്തെ വ്യഞ്ജിപ്പിക്കുന്നു.

2. കാണുകിലതോടൊപ്പം—കണ്ടാൽ അതോടൊപ്പം തനിക്കുണ്ടായേക്കാവുന്ന വൈവശ്യത്തെ സൂചിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, താനൊരു തമഃപ്രാണിയാണ്, ഇരുട്ടിൽ കഴിഞ്ഞുകൂടുന്ന ജീവിയാണ്. നിന്മുഖം ദീപ്താൽ ദീപ്തം—അങ്ങയുടെ മുഖമാവട്ടേ, ഉജ്ജ്വലമായവയിൽവെച്ച് ഉജ്ജ്വലവുമാണ്! പിന്നെ തനിക്കെങ്ങനെ പേടിയില്ലാതിരിക്കും? അതിനാൽ എനിക്കങ്ങയെ നേരിട്ടുകാണണമെന്നാഗ്രഹമില്ല. അവിടുന്നു് എല്ലായിടത്തും എല്ലാററിലുമുണ്ടെന്നു കേട്ടിട്ടുള്ളതുകൊണ്ടുതന്നെ ഞാൻ തൃപ്തനാണ്. ഈയിവൻ........................ഗോളങ്ങൾ—ഭൂമിയെക്കാൾ എത്രയോ ആയിരം ഇരട്ടി വലുപ്പമേറിയവയാണ് നക്ഷത്രങ്ങളെന്നു പ്രസിദ്ധം. നക്ഷത്രസമാഖ്യങ്ങൾ—നക്ഷത്രങ്ങളെന്നു പേരുള്ള. അക്ഷയമഹസ്സ്—നാശമില്ലാത്ത തേജസ്സ്. സനാതനമായ ബ്രഹ്മതേജസ്സിന്റെ ചെറിയ തുണ്ടുകളാണ് നക്ഷത്രങ്ങളെന്നു്. അവയുണ്ടി......വെളിച്ചത്തിന്നു്—ഇരുട്ടിൽ

Digitized By Kerala Sahitya Akademi

നക്ഷത്രസമാഖ്യങ്ങളല്ലദ്ദിവ്യഗോളങ്ങൾ നി-
ന്നക്ഷയമഹസ്സിന്റെ കൊച്ചുതുണ്ടുകളല്ലോ.
അവയുണ്ടിരുളിൽ മേ വിശേഷം, വെളിച്ചത്തി-
ന്നു;-വതൻ ശേഷക്കാരിങ്ങുണ്ടു ഖദ്യോതങ്ങളും.

3. ഇരുളേ, വരികിയ്ക്ക നാം തങ്ങളിൽപ്പിരിയാതേ;
വരുവാൻ ക്ഷണിച്ചീടുന്നില്ല ഞാൻ വെളിച്ചത്തെ.
പകലും രാവും തമ്മിലെത്രയ്ക്കുണ്ടൊരു ഭേദം?
പ്രകൃതീശ്വരി, തന്റെ പൈതലാമുലകത്തെ
തെല്ലിട വെള്ളപ്പുടപ്പിടുവിച്ചിരുത്തട്ടെ;
തെല്ലിട കറുപ്പുടപ്പിടുവിച്ചിരുത്തട്ടെ.

---

എനിയ്ക്കു വെളിച്ചം കാട്ടിത്തരാൻ അവിടുത്തെ അനശ്വരതേജസ്സിന്റെ ഈ കൊച്ചുതുണ്ടുകൾ മതി; പോരെങ്കിൽ,....അവതൻ......ഖദ്യോതങ്ങളും—അവയുടെ ശേഷക്കാരായ (ചാർച്ചക്കാരായ) ഖദ്യോതങ്ങ(മിന്നാമിനുങ്ങുക)ളുമുണ്ടു്.

3. അഥവാ, രാവും പകലും തമ്മിൽ അത്രവലിയ വ്യത്യാസമൊന്നുമില്ല. അതിനാൽ, ഇരുളേ......വെളിച്ചത്തെ—കവി ഇരുട്ടിനോടു പറയുന്നു, നാം തമ്മിൽ ഒരിയ്ക്കലും വേർപിരിയാതിരിയ്ക്കുക. വെളിച്ചത്തെ ഞാൻ ക്ഷണിച്ചുവരുത്തുന്നില്ല. എന്തുകൊണ്ടു വ്യത്യാസമില്ലെന്നുപറയുന്നു: പ്രകൃതീശ്വരിതന്റെ പൈതലായ ഉലക (=ലോക)ത്തെ തെല്ലുനേരം വെള്ളപ്പുടപ്പിടുവിച്ചിരുത്തട്ടെ; തെല്ലുനേരം കറുപ്പുടപ്പിടുവിച്ചിരുത്തട്ടെ— ഇതിനു് എത്രകണ്ടുണ്ടു് വ്യത്യാസം? കേവലം ഉടുപ്പിന്റേതുമാത്രം. ആധാരമായ വസ്തുവിനു് ഇതുകൊണ്ടു വ്യത്യാസമൊന്നും

Digitized By Kerala Sahitya Akademi

എങ്കിലും ഭവാനൊരു ഭാഗ്യവാൻ വെളിച്ചമേ!
വെൺകളിച്ചിടുന്നു നിൻകീർത്തി ദിഗ്ഭിത്തികളിൽ.
ഇരുളോ, നേരമറിച്ചകീർത്തിക്കുപമാനം;
നരരീ നിർഭാഗ്യങ്കൽക്കണ്ണടയ്ക്കയേ ചെയ്യൂ.
പൂങ്കോഴിപ്പരിഷതൻ കാഹളംവിളികളാൽ-
പ്പൂരിതദിഗന്തമായ്പ്പുറപ്പെട്ടീടും പകൽ
ജീവതപ്പോരിന്നിറക്കുന്നു ലോകത്തെ; ശാന്ത-
ഭാവമാം രാവോ, സുഖവിശ്രമം പൂകിക്കുന്നു.

---

വരുന്നില്ലല്ലോ. എങ്കിലും—വാസ്തവം ഇതൊക്കെയാണെങ്കിലും വെളിച്ചം ഒരു ഭാഗ്യവാനാണ്—വെളിച്ചത്തിന്റെ കീർത്തി ദിക്കുകളിൽ വെണ്മ പൂശുന്നതാണല്ലോ! ഇരുളോ,......ഉപമാനം=അകീർത്തിയെ എല്ലാവരും ഇരുട്ടിനോടുപമിക്കുന്നു. (കീർത്തി. വെളുത്തതും അകീർത്തി കറുത്തതു മെന്നു കവിസങ്കേതം) നരരീ.......ചെയ്യൂ, ഈ ഭാഗ്യം കെട്ട ഇരുട്ടിന്റെ നേരെ ആളുകൾ കൺമിഴിക്കില്ല. ഇരുളിൽ (രാത്രിയിൽ) ആളുകൾ ഉറങ്ങുകയാണല്ലോ. പൂങ്കോഴി...... പകൽ=നേരം വെളുക്കുന്നതു് കോഴികളുടെ കൂകലോടെയാണല്ലോ; അതിനെ കാഹളംവിളിയായി കല്പിച്ചിരിക്കുന്നു. പൂരിതദിഗന്തം=ദിക്കുകളെ നിറച്ചതു്. കാഹളംവിളികളാൽ ദിക്കുകളെ നിറച്ചുകൊണ്ടു പുറപ്പെടുന്ന പകൽ ലോകത്തെ ജീവിതപ്പോരിന്നിറക്കുന്നു. (യുദ്ധാരംഭത്തിൽ കാഹളമൂതുക പതിവാണല്ലോ.) ശാന്ത....... പൂകിക്കുന്നു—ഒതുങ്ങിയ മട്ടിലുള്ള രാത്രിയാകട്ടെ, ലോകത്തെ സുഖവിശ്രമം കൊള്ളിക്കുന്നു. ഒന്നൊന്നായ്....ചെയ്യുവതല്ലോ—വെളിച്ചം ലോകത്തെ വെവ്വേറെയായി ഭാഗിക്കുന്നു; പദാ

Digitized By Kerala Sahitya Akademi

ഒന്നൊന്നായ്പ്പുകക്കുന്ന വെളിച്ചവുലകത്തെ;-
യൊന്നാക്കിച്ചമയ്ക്കുയാണിരുൾ ചെയ്യുവതല്ലോ.

4 വളരെശ്ശതാബ്ദങ്ങൾ മുഴുകിക്കഴിഞ്ഞല്ലോ,
വെളിച്ചം തേടിത്തേടിനടന്നിട്ടിരുളിങ്കൽ;
എത്ര കിട്ടിയാൽ നിങ്ങൾ തൃപ്തരാം വെളിച്ചത്താൽ?
പ്രത്യഹം തേടുന്നുണ്ടാം സൂര്യനും വെളിച്ചത്തെ!
പകൽതന്നേലിപ്പിങ്കൽക്കോട്ടുവായ്കൊൾവൂ പൂക്കൾ,
വികസിപ്പാനായ് രാവിലുറക്കമിളയ്ക്കയാൽ.

---

ങ്ങളെ വേർതിരിച്ചുകാണിയ്ക്കുന്നു. ഇരുട്ടാകട്ടേ, എല്ലാററിനെയും ഒന്നാക്കിത്തീർക്കുകയാണ്—യാതൊരന്തരം വ്യത്യാസവും കാണിയ്ക്കുന്നില്ല.

4. വളരെ.........രുളിങ്കൽ— മനുഷ്യൻ തന്റെ ആവിർഭാവം മുതല്ക്കു വെളിച്ചത്തെ തേടിനടക്കുകയാണ്; ചെന്നെത്തുന്നതോ ഇരുട്ടിലും! എത്ര വെളിച്ചം കിട്ടിയാലാണ് മനുഷ്യനു തൃപ്തിവരിക? സൂര്യനും പ്രത്യഹം (പകൽതോറും) വെളിച്ചത്തെ അന്വേഷിയ്ക്കുന്നുണ്ടാവാം! പകൽ........മിളയ്ക്കയാൽ— പൂക്കൾ രാവിലെ വികസിയ്ക്കുന്നതിനെ രാത്രി ഉറക്കമിളച്ചതുകൊണ്ടുണ്ടായ കോട്ടുവായയായി കല്പിച്ചിരിയ്ക്കുന്നു പകലിന്റെ വരവും കാത്തുകാത്തു രാത്രിമുഴുവൻ ഉറക്കമിളച്ച പൂക്കൾ, പകൽ വന്നാൽ ഉന്മേഷപൂർണ്ണങ്ങളായിത്തീരുകയല്ല, കോട്ടുവായിട്ടു മാന്ദ്യം കൊള്ളുകയാണ്. പിന്നെ എന്തിനാണ്, ആളുകൾ വെളിച്ചത്തിന്റെ ആഗമനത്തെ കാത്തുംകൊണ്ടിരിയ്ക്കുന്നത്? ജീവിത........തളരുന്നു— ജീവിതത്തിന്റെ വിധി നന്ന്: വളരെ ക്ലേശിച്ചു ഇഷ്ടം സാധിയ്ക്കുമ്പൊഴെയ്ക്കു, വെളിച്ചം കുടിച്ചു ചൈതന്യപൂർണ്ണമായിത്തീരാൻ കഴിയുമ്പൊഴെയ്ക്കും ഇതിന്റെ

Digitized By Kerala Sahitya Akademi

ജീവിതത്തിൻെറ ശിരോരേഖ നന്നി,ഷ്ടം കൃഷ്റാൽ-
കൈവരുമ്പൊഴേയ്ക്കിതിൻ കല്യത തളരുന്നു!

5 എങ്ങുനിന്നിവിടത്തിൽ വന്നു ഞാനി?-രുളിൽ നി-
ന്നെ; ങ്ങിനെയുള്ളൊന്നാണതു?-രുമില്ലറിഞ്ഞവൻ;
എങ്ങോട്ടു നടകൊണ്ടിടുന്നു ഞാനി?-രുളിലെ-
യ്ക്കു;-ന്തിനാണിടയിൽവെച്ചിത്രയും വെളിച്ചം മേ?

---

(ജീവിതത്തിൻെറ) കല്യത (ആരോഗ്യം)തളൎന്നുപോവുന്നു! ഇരുട്ടിൽനിന്നു് വെളിച്ചത്തിലെയ്ക്കു കടക്കാൻകഴിയുമെന്നാവുമ്പോഴെയ്ക്കു, ജീവിതം വാടിക്കൊഴിയുമെന്നായിത്തീരുന്നു: ഇതാണു് ജീവിതത്തിൻെറ യോഗം!

5. എങ്ങു........വെളിച്ചം മേ=ഞാൻ ഈ ലോകത്തിൽ എവിടെനിന്നുവന്നു? ഇരുട്ടിൽനിന്നു്. ഈ ഇരുട്ടു് എന്നു പറയുന്ന വസ്തുവിൻെറ സ്വരൂപമെന്താണു്? അതൊരാൾക്കും അറിഞ്ഞുകൂടാ. ഞാൻ ഇനി പോകുന്നതോ, ഇരുട്ടിലെയ്ക്കു(=മരണം)തന്നെ. ഇതിന്നിടയിൽ എനിയ്ക്കെന്തിനാണു് ഇത്രയധികം വെളിച്ചം? മനുഷ്യൻ ഇരുട്ടിൽനിന്നു—ശൂന്യതയിൽനിന്നു—പിറന്നു; ശൂന്യതയിലെയ്ക്കുതന്നെ തിരിച്ചുപോവുന്നു. അതിന്നിടയിലുള്ള ഈ ഇഹലോകജീവിതത്തിൻെറ അൎത്ഥമെന്താണെന്ന ചോദ്യം അവശേഷിയ്ക്കുന്നു.

---

Digitized By Kerala Sahitya Akademi

# ൨. പാംസുസ്നാനം

1. “ഹാ, കണ്ടതിൽക്കണ്ടതിലീശ്വരത്വം
കല്പിച്ചു കല്പിച്ചു നടന്നൊ,ടുക്കം
നിരീശ്വരത്വത്തിലടിഞ്ഞു വീണു,
നിരസ്തവിശ്വാസരറേബിയക്കാർ!

2. കുറുമ്പു മാറാത്ത കുറൈഷിവർഗ്ഗ-
ക്കോതിക്കൊടുത്തേൻ പലവട്ടവും ഞാൻ:
‘ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല-
ല്ല,ള്ളാവു സർവ്വാതിഗശക്തനേകൻ.’

3. ഇവർക്കിരുട്ടേ പ്രിയമിത്ര:-മൂതി-
ക്കെടുക്കയായ്, കൈത്തിരി കൊണ്ടുചെന്നാൽ;

---

1. നിരസ്തവിശ്വാസർ=വിശ്വാസം വിട്ടവർ. അറേബിയക്കാർ ആദ്യകാലത്തു കണ്ടതിലൊക്കെ ഈശ്വരത്വം കല്പിച്ച്, ഒടുവിൽ ഈശ്വരവിശ്വാസികളല്ലാതായിത്തീർന്നു.

2. കുറൈഷി—ഒരു വർഗ്ഗത്തിന്റെ പേർ. സർവ്വാതിഗശക്തൻ=എല്ലാററിനെയും കവിയുന്ന ശക്തിയുള്ളവൻ.

3. ഊതി.......ചെന്നാൽ—കൈത്തിരി (ജ്ഞാനം) കൊണ്ടുചെന്നാൽ ഊതിക്കെടുത്തുന്നു. ഇക്കൂട്ടർക്ക് ഇരുട്ടാണ്, ഉററ

Digitized By Kerala Sahitya Akademi

മിന്നാമിനുങ്ങിൻ ചെറുതാം വെളിച്ചം
പോലും സഹിയ്ക്കാത്ത തമസ്സിതേതോ!

4. കലാവിശേഷം കൊലയിബ്ബലോഗ്ര-
ക്കി;-ത്തുഡപശന്മാക്കെരികളളിളംപാൽ;
പിശാചർ വംശശപരരിക്കളക്കേ-
ക്കി,-തിൽക്കവിഞ്ഞെന്തവിവേകമുള്ളൂ?

5. കഷ്ടാവമാനങ്ങളിൽ വീഴ്ത്തിടുന്നു
കാമാതിരേകാൽക്കുലനാരിമാരെ;
ആരാധ്യമാരാമവരമ്മപെങ്ങ-
ന്മാരെന്നു കാണ്മാനിവർ കൺമിഴിയ്ക്കാ!

6. മൃഗോപമന്മാർ പെരുമക്കൃഷിയ്ക്കു
നുകങ്ങൾ വെച്ചു, നരർതൻ കഴുത്തിൽ;
സഗർഭ്യരെച്ചെന്നടിമക്കടുക്കി-
ട്ടുങ്ങോട്ടുമിങ്ങോട്ടുമിഴച്ചിടുന്നു!

---

ചഞ്ചാതി. തമസ്സ്=ഇരുട്ട്, അജ്ഞാനമെന്നും. സാധാരണതമ
സ്സു മിന്നാമിനുങ്ങിൻ വെളിച്ചത്തെ കൈക്കൊള്ളുന്നുണ്ടല്ലോ.

4. കലാ.........ബലോഗ്രക്ക്—ഈ കമത്തന്മാരുടെ കലാ
വിദ്യ കൊലപാതകമത്രേ. തുഡപശന്മാർ=തുട്ടിന്ന് (=തുച്ഛമായ ലാഭത്തിന്നു എന്നും) അടിപെട്ടവർ. ഈ കുഭക്തക്ക് പിശാചുക്കളാണ് വംശശപരർ=കുലദേവതകൾ. അവിവേകം=വിവേചനബുദ്ധിയില്ലായ്മ.

6. മൃഗോപമന്മാർ—അവരാണ്, കന്നാലികൾ പോലെ
നുകം വെയ്ക്കപ്പെടേണ്ടുന്നവർ. പെരുമക്കൃഷി=മേന്മവിളയിക്കൽ. സഗർഭ്യർ=സഹോദരർ.

Digitized By Kerala Sahitya Akademi

7. സൌധങ്ങൾതോറും സമസൃഷ്ടദുഃഖ-
കണ്ണീരുകൊണ്ടേ പനിനീരൊഴുക്കി,
അനേകഭർവൃത്തികളെപ്പുണന്നു
രമിക്കുയാണി,സ്സുഖലോലുപന്മാർ!

8. അശക്തമാമെന്നുടെ ഹസ്തമെങ്ങി?;—
യധഃസ്ഥിതോദ്ധാരണകൃത്യമെങ്ങോ?
ചളിക്കുകത്താഴുമൊരാനയെപ്പോയ്—
പ്പിടിച്ചുകേററാൻ കഴിയാനതാണോ!

9. കരുത്തനമ്മാമനു,മാത്മനാഥ
കമീളയും കീത്ത്യവശേഷരായ്പ്പോയ്;
ഞാനേകനെ:-ൻ ചുററുമൊരെട്ടുപത്ത-
ല്ലെൻചോരയിൽത്തുള്ളി വളന്ന ഖഡ്ഗം!"

---

7. അനേക.......പുണന്നു—വേശ്യാസംഗത്തെ സൂചിപ്പിക്കുന്നു. സുഖലോലുപന്മാക്കു പനിനീർതളിക്കലുംമററും വേണമല്ലോ; ഇവർ സമസൃഷ്ടരുടെ ദുഃഖബാഷ്പത്തെയാണു് പനിനീരായി ഉപയോഗിക്കുന്നതു്.

8. അധഃസ്ഥിതോദ്ധാരണം=താഴെ നില്ക്കുന്നവരെ മേല്പോട്ടുയത്തൽ. തന്റെ വിനയം സൂചിപ്പിക്കുന്നു.

9. ആത്മനാഥ=പ്രിയപതി. കീത്ത്യവശേഷർ—കീത്തിമാത്രം അവശേഷിച്ചവർ—മരിച്ചുപോയവർ. എട്ടു...... ഖഡ്ഗം=തന്നെക്കൊല്ലാൻ എട്ടുപത്തു വാളുകളല്ല തക്കം പാത്തിരിക്കുന്നുള്ളു!

Digitized By Kerala Sahitya Akademi

10. ഇതൊക്കെയാവാം നിനവാ,യിരത്തി-
മുന്നൂറുകൊല്ലത്തിനു മുമ്പൊരിയ്ക്കൽ,
മെക്കായിലെക്കൈവഴിയൊന്നിലൂടെ
നടന്നുപോകും നബിതൻ മനസ്സിൽ.

11. "കില്ലില്ല, ഞാനെന്നുടെ ചോരകൊണ്ടു-
മിസ്ലാമ സസ്യത്തെ നനച്ചുനോക്കും:
ആ മാതൃകാകർഷകനായ ക്രിസ്തു-
വവ്വണ്ണമെല്ലാം ഭുവി ചെയ്തു കാട്ടി.

12. അധൈര്യമേ, നിൻകെട്ടുമഞ്ഞു വീഴാ-
യ്ക്ക,ഹമ്മദിൻ സജ്വരമായ നെഞ്ചിൽ:
ചന്ദ്രാർക്കരെക്കൈകളിൽ വെച്ചുതന്നാൽ-
പ്പോലും നിറുത്തില്ല,വനിപ്രയത്നം!"

13. ഇത്തീപ്പു പേർത്തും മുറുകീ, മഹാൻറെ
പാഴ്ച്ചൊല്ലു തീണ്ടാത്ത ശുഭാശയത്തിൽ
ഓരോ പരിക്ലേശവുമീദൃശന്മാ-
ർക്കുച്ചൈഗ്ഗതിയ്ക്കുള്ള ചവുട്ടുകല്ലാം.

---

11. ചോര.......നനച്ചുനോക്കും—വേണ്ടിവന്നാൽ ഈ ധർമ്മം പുലർത്താനായി ജീവൻപോലും കളയും. ക്രിസ്തു—കുരിശേററം ഓർക്കുക.

12. ജ്വരം=ധർമ്മഭ്രംശം കണ്ടിട്ടുള്ള സന്താപം. ജ്വരത്തിൽ(=പനിയിൽ) മഞ്ഞേററുകൂടല്ലോ. മുഹമ്മതിനെ അഹമ്മദെന്നും വിളിച്ചിരുന്നു.

13. പരിക്ലേശം=ബുദ്ധിമുട്ട്. പാഴ്ച്ചൊല്ല്=അസത്യഭാഷണം. ഉച്ചൈഗ്ഗതി=മേല്പോട്ടുപോകൽ; ഉന്നതി.

Digitized By Kerala Sahitya Akademi

14. പെട്ടെന്നു പാർശ്വങ്ങളിൽനിന്നു—ഹാ, ഹാ,—
മൺ കോരിയിട്ടാർ ചില മുഷ്കരന്മാർ,
കൃതജ്ഞരെങ്കിൽ, കനകാഭിഷേകം
ചെയ്യേണ്ടതാമിഗ്ഗുരുവിൻശിരസ്സിൽ!

15. രജസ്തമോദോഷമകററി നാട്ടിൽ-
സ്സത്വം പരത്തുന്നൊരു സത്യവാനെ,
രജസ്സു വർഷിച്ചു നിറംകെടുത്താ-
നൊരുങ്ങിപോൽ, മർത്ത്യകുലേ പിറന്നോർ!

16. മറെറന്തു, മന്നിൻ നിഴൽ പൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;
മിഥ്യാപവാദത്തിൽ മറഞ്ഞു സത്യ;-
മവിദ്യതൻ മൂടലിലായ് വിബോധം!

---

14. മുഷ്കരന്മാർ=മുരാളന്മാർ. നന്ദിയുള്ളവരാണെങ്കിൽ ഈ ആചാര്യനു കനകാഭിഷേകം ചെയ്യേണ്ടുന്ന കൂട്ടർ അദ്ദേഹത്തിൻെറ തലയിൽ മണ്ണുകോരിയിടുകയാണുണ്ടായതു്.

15. രജസ്സ്=രജോഗുണം; പൊടിഎന്നും. സത്വം=സത്വഗുണം നാട്ടിൽ രജസ്തമോദോഷങ്ങളകററി, സത്വഗുണത്തിൻെറ വെണ്മ പരത്തിപ്പോന്ന ഈ സത്യസന്ധൻെറ മേൽ പൊടി കോരിച്ചൊരിഞ്ഞു നിറംകെടുത്താൻ ശ്രമിച്ചവരും മനുഷ്യരാണുപോൽ!

16. മറെറന്തു=ഇതിൽ മറെറാന്നും പറയാനില്ല: പ്രാവൃതം=മൂടപ്പെട്ടതു്. അവിദ്യ=അജ്ഞാനം. വിബോധം=ജ്ഞാനം. നിഴൽ പററിയ ചന്ദ്രനും മററും പോലെയായി, മണ്ണിൽ കുളിച്ച മഹമ്മദ്.

Digitized By Kerala Sahitya Akademi

17. വിജ്ഞാനഗർഭം തിരുമൌലി തൊട്ടു,
സന്മാർഗ്ഗസഞ്ചാരി പാദം വരെയ്ക്കും
പാംസൂൽക്കരം പററിയ ശുദ്ധിമാനെ-
പ്പാർത്തങ്ങു തെമ്മാടികൾ ക്രൂക്കിയാർത്തു:

18. "അയ്യയ്യ, മൺകൊണ്ടഭിഷിക്തനായി-
ക്കഴിഞ്ഞുവല്ലോ, മതസാർവ്വഭൌമൻ;
മുഴക്കുവിൻ ഹേ ജയശബ്ദമെങ്ങും:
വാഴട്ടെ,യിസ്ലാം തിരുമേനി നീണാൾ!

19. അന്നീ നരസ്നേഹി നമസ്കരിച്ചു.
കിടന്നാപോതി,ത്തിരുവൻകഴുത്തിൽ
ഒരൊട്ടകത്തിൻ കുടർമാല ചാർത്തി-
പ്പാനേ ലഭിച്ചുള്ളു നമുക്കു ഭാഗ്യം!

---

17. വിജ്ഞാന.......വരെയ്ക്കും=ജ്ഞാനത്തിന്റെ വിളനിലമായ ശിരസ്സുതൊട്ടു സന്മാർഗ്ഗത്തിൽ സഞ്ചരിക്കുന്ന കാൽവരെയ്ക്കും. പാംസൂൽക്കരം=പൊടിപടലം. ശുദ്ധിമാൻ.—പൊടികൊണ്ടു മൂടിയിട്ടും അദ്ദേഹം ശുദ്ധിമാനായിരുന്നു!

18. അഭിഷിക്തൻ=അഭിഷേകം ചെയ്യപ്പെട്ടവൻ. മതസാർവ്വഭൌമൻ=മതത്തിന്റെ ചക്രവർത്തി. ജയശബ്ദം—ചക്രവർത്തിയുടെ അഭിഷേകം കഴിഞ്ഞാൽ ജയഘോഷം വേണമല്ലോ. അവർ പരിഹസിക്കുകയാണ്.

19. നരസ്നേഹി=മനുഷ്യസ്നേഹി. ഒരിക്കൽ നമസ്കരിക്കുന്ന മുഹമ്മദിന്റെ കഴുത്തിൽ, തെമ്മാടികൾ ഒട്ടകക്കുടർമാല കൊണ്ടിടുകയുണ്ടായി.

Digitized By Kerala Sahitya Akademi

20. മദോന്നതം, മറെറാരു യേശുവാമീ
മതാധിരാജൻെറയുമുത്തമാംഗം
ശ്രീമുൾക്കിരീടാർപ്പണയോഗ്യമല്ലോ;
കർത്തവ്യകർമ്മങ്ങളിൽ മന്ദർ നമ്മൾ!"

21. ഈഷദ്ധൂളികൊണ്ടോ കളിയാക്കൽകൊണ്ടോ
മുഖാഭമങ്ങാതെയഭംഗസത്വൻ,
മണ്ണിൽക്കളിച്ചോരു ഗജം കണക്കേ
മന്ദം നടന്നാത്മഗൃഹത്തിലെത്തി.

22. ആമൂർദ്ധപാദം പൊടിമൺ പുരണ്ട
പിതാവിനെക്കണ്ടതിവെമ്പലോടേ
താൻതാൻ കുളിപ്പിപ്പതിനായ് മുതിർന്നു
കണ്ണീർക്കുടംകൊണ്ട,ഴലാണ്ട പുത്രി:

---

20. മദോന്നതം=ഗർവ്വംകൊണ്ടുയർന്നതു്; ഉത്തമാംഗത്തിൻെറ വിശേഷണം. ഉത്തമാംഗം=തല. ക്രിസ്തുവിനെയെന്നപോലെ ഇവനെയും തിരുമുൾക്കിരീടം ചൂടിയ്ക്കാഞ്ഞ നമ്മൾ മന്ദർ(=ഉത്സാഹരഹിതർ)തന്നെ!

21. മുഖാഭ=മുഖത്തിൻെറ ശോഭ. അഭംഗസത്വൻ=മുറിപ്പെടാത്ത മനക്കരുത്തോടുകൂടിയവൻ. മണ്ണിൽ.......കണക്കേ ആനയ്ക്കു മണ്ണിൽ കുളിച്ച ഭാവമേ, നമ്പിയ്ക്കു പൊടിയിൽ മുഴുകിയതിനാലുണ്ടായുള്ളു. മന്ദം—ആരെങ്കിലും കണ്ടാലോ എന്നു ശങ്കിച്ചു സ്വഗൃഹത്തിലേയ്ക്കു വെമ്പിനടന്നില്ല; പതുക്കെയേ നടന്നുള്ളുവെന്നു്.

22. ആമൂർദ്ധപാദം=മുടിമുതൽ അടിവരെ.

Digitized By Kerala Sahitya Akademi

23. പിടിച്ചിരുത്തി,ച്ചുളി പോക്കുവാനായ്-
പ്പുകന്ന കുംഭോദകമോടുകൂടി,
താതന്റെ ഗാത്രങ്ങളിലാപതിച്ചു,
കുമാരിയാൾതൻ ചുടുകണ്ണുനീരും.

24. മാലാന്റു കേഴും മകളെത്തലോടി-
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ:—
"നിന്നച്ഛനെക്കാത്തരുളാതിരിക്കി-
ല്ലുള്ളാവു; പാഴിൽക്കരയായ്ക കുഞ്ഞേ!"

---

23 കുംഭോദകം=കുടത്തിലെ വെള്ളം. ഗാത്രങ്ങൾ=അവയവങ്ങൾ.

Digitized By Kerala Sahitya Akademi

# ൩. വിശ്രമസുഖം

(കേക)

1. പട്ടണപ്രാന്തത്തിലെപ്പാഴിടവഴിയൊന്നിൽ-
ദ്ദൃഷ്ടമായൊരു കരിങ്കല്ലിന്മേലിരുന്നുടൻ
പെട്ടിതന്നടിയിൽനിന്നൊരു വെൺകടലാസ്സിൻ
കെട്ടെടുത്തരികത്തായ് വെച്ചിതത്തരുണിയാം.
കെട്ടിൽ നിന്നൊരു ലേഖമെടുത്താം, വായിച്ചാളെ-
ന്നിട്ടതെമ്പാടും ചീന്തിച്ചീന്തിയാ നിലത്തിട്ടാം;
എട്ടുപത്തുരുവല്ലങ്ങിത്തൊഴിലാവർത്തിച്ചു-
തൊ,ട്ടെട്ടു വിറക്കൊണ്ട കൈവിരൽകളാലവൾ.
പ്രേയാന്റെ നാനാകാമലേഖങ്ങളവ പേർത്താം
വായിച്ചേ,ത്തുടപ്പേറിച്ചുമത്തു തൽഗണ്ഡത്തിൽ;
ആയതാ പ്രണയത്തിൻ പനിനീർപ്പൂവോ; പിന്നു-
ണ്ടായൊരീ പ്രദ്വേഷത്തിൻ ചിരട്ടക്കനൽത്താനോ?
ചെറുനേരത്താൽ, കടലാസ്സുതുണ്ടുകളുടെ
പുറ്റൊന്നു പൊങ്ങിക്കാണായ് കാമിനിയുടെ കാല്ക്കൽ,

---

1. പട്ടണപ്രാന്തം=പട്ടണസമീപം. പാഴിടവഴി=ഒ-ഴികം ആൾപ്പെരുമാററമില്ലാത്തവഴി. ലേഖം=എഴുത്ത്. പ്രദ്വേഷം=വൈരം. ഇഷ്ട......ഖണ്ഡൗഘംപോലെ—അവിടെ കുന്നുകൂടിയ കടലാസ്സുതുണ്ടുകൾ കണ്ടാൽ, ഇഷ്ടപുരുഷനെ

Digitized By Kerala Sahitya Akademi

ഇഷ്ടപൂരുഷനുടെ ചതിയാൽ ദഹിപ്പിക്ക-
പ്പെട്ട തൻപ്രേമത്തിന്റെയസ്ഥിഖണ്ഡൗഘംപോലേ.

2. അക്കാലംവരെയ്ക്കേതോ ദിവ്യമാം നിധി പോലേ
വെയ്ക്കപ്പെട്ടവയാമീ പ്രേമപത്രികകളെ
കാററിനു പറപ്പിപ്പാൻ വഴിയിലിട്ടേച്ചെഴു-
ന്നേററാശു നടകൊണ്ടാൾ പെട്ടിയുമെടുത്തവൾ.
ഒട്ടിടം കടന്നപ്പോഴെയ്ക്കു,മോരാതേ മുന്നിൽ-
പ്പെട്ടിതു വധൂമണിയ്ക്കാമലേഖക്കാരൻ;
പെട്ടെന്നു തീപ്പാറുന്ന കണ്ണോട്ടമവളര-
ക്കെട്ടിൽനിന്നൊരു കൈത്തോക്കെടുത്തുനീട്ടിക്കൊണ്ടാൾ:
"നില്ല, നില്ലി,നിയെങ്ങും നടക്കാ, വഞ്ചകാ ഞങ്ങ-
ളുല്ലംഘിച്ചിതിൻവണ്ണം സ്ത്രീകളെദ്രോഹിപ്പാൻ നീ!"
ഉണ്ടയേല്ക്കാതേ തന്നെ ചത്തവൻ പോലായ്നില-
ക്കൊണ്ടിതു മരവിച്ച മെയ്യോടപ്പേടിത്തൊണ്ടൻ.
എന്നാലോ വെടി തീർന്നില,—അബലാവിദ്രോഹിതൻ
നിന്ദ്യഹൃദ്രക്തം തീണ്ടീലൂഴിയെ;—യതിന്മുന്നേ,

---

പ്രിയന്റെ ചതിയാൽ ദഹിപ്പിക്കപ്പെട്ട സ്വപ്രേമത്തിന്റെ എല്ലിൻ കഷ്ണങ്ങളാണെന്നുതോന്നും. പ്രിയൻ ചതിച്ചതിനാൽ അവളുടെ പ്രേമം വെന്തടിഞ്ഞുപോയി!

2. പ്രേമപത്രികകൾ=പ്രണയലേഖനങ്ങൾ. കാററിനു പറപ്പിപ്പാൻ—ആ പ്രേമത്തിന്റെ നിസ്സാരതയെ വ്യഞ്ജിപ്പിക്കുന്നു. ഓരാതേ=ഓർക്കാതെ; യദൃച്ഛയാ. അബലാവിദ്രോ-

Digitized By Kerala Sahitya Akademi

മങ്കതൻ മൃണാളികാമഞ്ജുളമക്കൈത്തണ്ട
മറ്റൊരു യുവാവിൻെറ മുഷ്ടിയിലടങ്ങിപ്പോയ്.

3. ഭൂരിയാം പ്രതികാരോൽക്കണ്ഠയും വധചിന്താ-
ഭാരവും മേസിപ്പോന്ന സാധ്വിതൻ ശിരസ്സുതാൻ,
ഘോരമപ്പാപം പററാതാക്കിയ പഥികൻെറ
മാറത്തുതാനേ ചാഞ്ഞു വിശ്രമസുഖം കൊൾവൂ!

---

ഫി=സ്ത്രീജനശ്രേഷ്ഠി. മൃണാളികാമഞ്ജുളം=താമരവളയം പോലെ മനോഹരം.

3. ഭൂരി=വർദ്ധിച്ച. പ്രതികാരോൽക്കണ്ഠ=പകരം വീട്ടാനുള്ള ഉൽക്കണ്ഠ. വധചിന്താഭാരം=അവനെ എങ്ങിനെ കൊല്ലാമെന്ന ആലോചനയുടെ ഭാരം. ഘോര.........കൊൾവൂ—പ്രതികാരോൽക്കണ്ഠയുടേയും വധചിന്താഭാരത്തിൻെറയും കനം താങ്ങാൻ വയ്യാതായ അവളുടെ ശിരസ്സ് ആ പഥികൻെറ (=വഴിപോക്കൻെറ) മാറത്ത് താനേ(=അറിയാതെ) ചാഞ്ഞു വിശ്രമസുഖം കൊള്ളുകയായി. ആ നരഹത്യാപാപം പററാതാക്കിയതിൽ അവൾക്കയാളുടെ പേരിലുണ്ടായ കൃതജ്ഞതയേയും പ്രേമത്തെയും വ്യഞ്ജിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

# ൪. മറിമായം

(കാകളി)

## I

കിട്ടി ഹാ, ദൃഷ്ടിയ്ക്കൊരുത്സവം പാന്ഥന്നു:
മുററിയ വേനൽക്കൊടുംവെയിലേല്ക്കയാൽ
വററിവരണ്ട വയൽപ്പരപ്പിൻ നടു-
ക്കൊട്ടൊന്നുയൎന്നൊരു പച്ചത്തുരുത്തതാ!
മേലൊക്കമക്കൃഷിക്ഷേത്രത്തിലെച്ചില
പീലിത്തഴകളാം വാഴയിലകളിൽ
മുന്തിത്തിളങ്ങും കസവിട്ടിരുന്നു, മൂ-
വന്തിപ്പകലോന്റെ യന്തിമരശ്മികൾ.

---

I. വേനലിലെ എരിവെയിലത്തു നടന്നുവലഞ്ഞ പാന്ഥന്നു പച്ചത്തുരുത്തു (പച്ചപിടിച്ച തോട്ടം) കണ്ടപ്പോൾ, കണ്ണിന്നു ഒരുത്സവമായിത്തോന്നി. മൂവന്തിപ്പകലോൻ=സായന്തനസൂൎയ്യൻ. കൃഷിക്ഷേത്രം=തോട്ടം; ക്ഷേത്രത്തിൽ തഴകളുണ്ടാമല്ലോ. അന്തിമരശ്മികൾ (ഒടുവിലെ കിരണങ്ങൾ) വാഴയിലകളിൽ പതിഞ്ഞതിനെ കസവായി കല്പിച്ചിരിക്കുന്നു. മാന്ദ്യമററ—തഴച്ചുവളൎന്ന. പാൎശ്വസ്ഥലേ=ഒരു വശത്തു, മുൾവേലിയിലൂടെ താഴത്തെയ്ക്കു ഞാന്ന വെള്ളരിവള്ളി ഭൂമിയെ സ്പൎശി

Digitized By Kerala Sahitya Akademi

മാന്ദ്യമററത്തോപ്പുമുൾവേലിയിലൂടെ
ഞാന്നൊരു വെള്ളരിവള്ളിയാം കയ്യിനാൽ,
താഴേകിടക്കുന്ന തപ്തയാമൂഴിയെ-
ത്തോഴികണക്കു തലോടി പാൎശ്വസ്ഥലേ.

II

വ്യായാമലബ്ധമാം കെല്പും വിശപ്പിന്റെ
വായിലുൾപ്പൂകിത്തുടങ്ങിയ മെയ്യൊട്ടും
അന്നന്നു ദുൎഭിക്ഷമുള്ളുകൾ തട്ടിയി-
ട്ടങ്ങിങ്ങു കീറിയിരുന്നൊരു മുണ്ടൊട്ടും,
ഏകനായെന്തോ മനോരാജ്യമന്തിയ-
ക്കായ്ക്കനിത്തോട്ടത്തിൽ നിന്നിടുന്നുണ്ടൊരാൾ.
ഇസ്സസ്യവൎഗ്ഗത്തിനച്ഛനവൻതന്നെ;
വത്സലാത്മാവാമവന്റെ പാൎശ്വങ്ങളിൽ
കൊച്ചു പൈതങ്ങൾ നിവൎത്തിപ്പിടിച്ച തൻ-
പ്പച്ചക്കുടയെ നിരത്തി ചേനച്ചെടി.

---

ക്കുന്നതിനെ തോഴിയുടെ തലോടലിനോടുപമിച്ചിരിക്കുന്നു. തപ്തക്കു (ചൂടേററവൎക്കു, ദുഃഖിതൎക്കു) ശുശ്രൂഷ ആവശ്യമാണല്ലോ.

II

വ്യായാമം മൂലമുള്ള ദേഹബലവും വിശപ്പിനാൽ വിഴുങ്ങപ്പെട്ടു തുടങ്ങിയിരിക്കുന്നു. അന്നന്നു..........മുണ്ടു്—ഉടുവസ്ത്രം പിഞ്ഞിക്കീറിയിരുന്നതു ദുൎഭിക്ഷ(ദാരിദ്ര്യ)ത്തിന്റെ മുള്ളുകൾ (ക്ലേശങ്ങൾ) തട്ടിയിട്ടാണെന്നുൽപ്രേക്ഷ. കൊന്ന...... ചേനച്ചെടി—ചേനച്ചെടി ഇലകൾ പരത്തി നില്ക്കുന്നതു, കൊച്ചുപൈതങ്ങൾ പച്ചക്കുട നിവൎത്തിപ്പിടിച്ചപോലിരിക്കുന്നു.

Digitized By Kerala Sahitya Akademi

## III

അക്കർഷകൻെറ പിറകിൽ,പ്പടിഞ്ഞാറു
ദിക്കിൽ വിശാലമാമാകാശത്തിൻമേഘ
മിക്കഭാഗത്തും പതിയ്ക്കപ്പെടുന്നതു-
ണ്ടുൽക്കൃഷ്ടവർണ്ണങ്ങൾ തങ്കത്തകിടുകൾ.
എന്നാൽത്തിരിഞ്ഞുനോക്കീലവൻ, സായാഹ്ന-
മെന്ന ധന്യൻെറയസ്സമ്പൽസ്സമൃദ്ധിയെ;
വാനിൽക്കിഴക്കേവശത്തു വെളിപ്പെട്ട
വാർകരിംകാറികളായിരുന്നു തദാ,
ജീവനമാത്രൈഷിയാകമയാളുടെ-
യാവിഷ്കൃതാശങ്ങളാകിയ കണ്ണുകൾ.
പാശ്ചാത്യമാം സ്വർണ്ണമല്ല,യീനാടന്റെ
പൌരസ്ത്യമാമിരിമ്പായിരിയ്ക്കും പ്രിയം!

---

## III

ഉൽക്കൃഷ്ടവർണ്ണങ്ങൾ= മികച്ച നിറപ്പകിട്ടുള്ള. തങ്കത്തകിട് —സന്ധ്യാസമയത്തു പടിഞ്ഞാറുഭാഗത്തു കാണുന്ന പൊൻവർണ്ണത്തെ തങ്കത്തകിടായും, സായാഹ്നമാകുന്ന ഭാഗ്യവാൻെറ സമ്പത്തായും കല്പിച്ചിരിയ്ക്കുന്നു. ജീവനമാത്രൈഷി=ജീവനത്തെ (വെള്ളത്തെ)മാത്രം ആഗ്രഹിയ്ക്കുന്നവൻ. ആവിഷ്കൃതാശങ്ങൾ=മഴയുണ്ടാകുമെന്ന ആശ ആവിഷ്കരിച്ചവ. പാശ്ചാത്യ ..........പ്രിയം—പടിഞ്ഞാറൻ ദിക്കിലെ സമ്പൽസമൃദ്ധിയില്ല—ആഡംബരത്തിലോ പുറംപൂച്ചിലോ അല്ല—കിഴക്കൻ നാടുകളിലെ ഒതുങ്ങിയ ജീവിതമാവാം ഈ നാടൻകൃഷിക്കാരനു് കൂടുതൽ പ്രിയം!

Digitized By Kerala Sahitya Akademi

## IV

ഒട്ടേറെ വിൺവെള്ളിത്തിങ്ങും കരിമര-
പ്പെട്ടിയെന്നുൽപ്രേക്ഷ്യമായ കാർമേഘമേ,
നിന്നുടെ സാഹായ്യമില്ലാതെയീവരം-
മണ്ണിൽ മരകതച്ചാർത്തു പരത്തിയോൻ
അല്പേതരാനുമോദോപചാരാർഹനെ-
ന്നി,പ്പൂമാനെയണിയിക്കുവാൻവേണ്ടിയോ
ഹസ്തങ്ങൾകൊണ്ടു വഹിച്ചിരിക്കുന്നു നീ,
വൃത്രാരിവില്ലാം വിചിത്രമാല്യത്തിനെ!
വന്ദനം ശ്രീമൻ, ത്വദീയോചിതജ്ഞത-
യ്ക്കു!—ന്നാലിരിക്കട്ടെ മാലനിൻകയ്യിലേ:

---

## IV

ഒട്ടേറെ വിൺവെള്ളിത്തിങ്ങും=സ്വർഗ്ഗത്തിലെ വെള്ളി(ഭൂമിയിൽ വർഷിപ്പാനുള്ള സ്വച്ഛജലം) നിറച്ച. ഉൽപ്രേക്ഷ്യം=ഉൽപ്രേക്ഷിക്കാവുന്നതു്. മരകതച്ചാർത്തു് പരത്തിയോൻ—പച്ചസ്സസ്യനിരകളെ നട്ടുവളർത്തിയ ആൾ. അല്പേതരാ......ർഹൻ=അല്പേതര(അത്യധിക)മായ അനുമോദത്തിന്നും ഉപചാരത്തിന്നും അർഹൻ. എന്ന്—എന്നുകരുതി. വൃത്രാരിവില്ല്=വൃത്രാരിയുടെ (ഇന്ദ്രന്റെ) വില്ല്, മഴവില്ല്. മഴവില്ല് ഇന്ദ്രന്റെ വില്ലാണെന്നു കവിസങ്കേതം. വിചിത്രമാല്യം=വിവിധവർണ്ണപുഷ്പങ്ങൾകൊണ്ടുള്ള മാല. ത്വദീയോചിതജ്ഞത=താങ്കളുടെ ഔചിത്യബോധം. എന്നാ.........................കയ്യിലേ—

Digitized By Kerala Sahitya Akademi

കമ്പളപ്പന്തൽച്ചുവട്ടിൽപ്പണിയ്ക്കിരി-
യ്ക്കുമ്പോളതിൻവള്ളി തോളിൽപ്പതിഞ്ഞതു
മാലയായിട്ടണിഞ്ഞിട്ടുള്ളു തൻ ജീവ-
കാലത്തൊ,രാഡംബരാനഭിജ്ഞനിവൻ;

നിന്നുള്ളിലെയനുകമ്പതൻ നാലഞ്ചു
ബിന്ദുവുതിർന്നാലിവന്നു സൽക്കാരമായ്.

മാനുഷൻ ചെയ്യു മഹത്തായ കർമ്മത്തെ
വാനവർ ദിവ്യവെൺ പൂക്കൾ തൂകി, സ്വയം
മാനിയ്ക്കുമെന്നു കേൾപ്പുള്ളതു നേർക്കൊന്നു
കാണാവു ഞങ്ങൾ നിൻതൂമഴച്ചാറലാൽ!

---

ഈവക സൽക്കാരമൊന്നും ഈ നാടന്നു് ആവശ്യമില്ലെന്നു്. പണിയ്ക്കിരിയ്ക്കുമ്പോൾ കമ്പളപ്പന്തലിന്മേൽനിന്നു ഞാന്ന വള്ളി തോളിൽപ്പതിഞ്ഞതൊന്നുമാത്രമാണു് തന്റെ ജീവിതകാലത്തു് ഈ ആഡംബരാനഭിജ്ഞൻ (ആഡംബരമറിഞ്ഞുകൂടാത്തവൻ) മാലയായി അണിഞ്ഞിട്ടുള്ളതു്. അയാൾ അല്പപ്രസാദിയാണു്. നിന്നുള്ളി......................സൽക്കാരമായ് = നിന്നുള്ളിലെ അനുകമ്പ നാലഞ്ചു തുള്ളിവീണാൽ (മഴ തെല്ലൊന്നു ചാറിയാൽ) അയാൾക്കു സന്തോഷമായി. മനുഷ്യൻ ചെയ്യാറുള്ള മഹത്തായ കർമ്മത്തെ വാനവർ (ദേവകൾ) ദിവ്യമായ വെൺപൂക്കൾ തൂകി (മഴച്ചാറലിനെ ദേവകൾ പൂക്കൾ പൊഴിയ്ക്കുന്നതായി കല്പിച്ചിരിയ്ക്കുന്നു) മാനിയ്ക്കുമെന്നു ഞങ്ങൾ കേട്ടിട്ടുണ്ടു്; അതു ഞങ്ങൾക്കൊന്നു കാണുമാറാകട്ടെ!

Digitized By Kerala Sahitya Akademi

## V

പൃഥ്വീതലത്തിലിറങ്ങി വിണ്ണിങ്കൽ നി-
ന്നധ്വഗൻതൻെറ മനോരഥം വീണ്ടുമേ:
ഉച്ചലദ്വീചിയാമാഴിയും വററുമാ-
റുച്ചണ്ഡമായ്ത്തീൎന്ന നൈദാഘവേളയാൽ
നിശ്ചലം ചുട്ടെരിഞ്ഞുള്ള നിലങ്ങളെ-
പ്പച്ച പിടിപ്പിച്ചു പോരും ശരീരമേ,
എത്ര വിളൎത്തിരിക്കുന്നു, ജഗൽസിരാ-
രക്തസഞ്ചാരം പുലൎത്തുന്ന നീയഹോ!
ഓരോ പകലും വരുന്നു, ഗമിക്കുന്നു,
ചോരത്തുടുപ്പിൽത്തെളിഞ്ഞ മുഖത്തോടേ;
നീരക്തരാം തൊഴിലാളരെച്ചൊല്ലിയ-
ദ്ധീരർ വഹിപ്പീല വൈവൎണ്ണ്യമെത്തുമേ!

---

## V

പൃഥ്വീതലം=ഭൂമി. അധ്വഗൻ=വഴിയാത്രക്കാരൻ. ഇതേവരെ അയാളുടെ വിചാരം സ്വൎഗ്ഗത്തിലായിരുന്നു; ഇപ്പോൾ വീണ്ടും അതു ഭൂമിയിലേയ്ക്കിറങ്ങി; അയാൾ തോട്ടക്കാരനെപ്പററി ചിന്തിച്ചു. ഉച്ചലദ്വീചി=തിരകൾ പൊങ്ങുന്നതു്. ഉച്ചണ്ഡം=ക്രൂരം. നൈദാഘവേള=വേനല്ക്കാലം. നിശ്ചലം=നിത്യവും. ജഗൽസിരാരക്തസഞ്ചാരം=ലോകത്തിൻെറ ഞരമ്പുകളിലെ ചോരയോട്ടം. ലോകത്തിൽ ജീവരക്തം വ്യാപിപ്പിക്കുന്നവർ വിളൎത്തുപോയിരിക്കുന്നു! ചോരത്തുടുപ്പ്—ഉദയാസ്തമയങ്ങളിലെ രക്തവൎണ്ണം. നീരക്തർ=ചോരയില്ലാത്ത. മേ

Digitized By Kerala Sahitya Akademi

മേലാളികൾ വശത്താക്കിയ ലക്ഷ്മിതൻ
കാലടിത്താരിലരക്ക കുഴമ്പിനെ
പൂശിച്ചു പൂശിച്ചു തീൻപോകുന്നതി-
പ്പേശലയത്നർതൻ ജീവരക്തദ്രവം!
ആരുടെ നെററിവിയർപ്പോ നറുംപനി-
നീരത്ര പാററുന്നു പള്ളിമേടകളിൽ,
എത്രമേൽസ്സന്തപ്ത,മെത്രമേൽശുഷ്കം,മാ-
ക്കൃത്യൈകതാനനാം സാധുവിൻ ജീവിതം!
കഷ്ടം,മിതിൽപ്പരം വൈരുധ്യമെന്തുള്ളൂ?
നിഷ്ഠുരം, നിന്മറിമായം നൃലോകമേ!

---

ലാളികൾ .. ....ജീവരക്തദ്രവം — യജമാനന്മാർ കയ്യടക്കിയ ലക്ഷ്മിയുടെ (സമ്പത്തിന്റെ)കാലിൽ അരക്കചാറ (ലാക്ഷാരസം) പൂശാൻ (കയ്യടക്കിയ സമ്പത്തിനെ വർദ്ധിപ്പിയ്ക്കാൻ) വേണ്ടി ഈ പേശലയത്നരുടെ (വിശ്രുതകർമ്മാക്കളുടെ) ജീവരക്തം തീൻപോകുന്നു! കൃത്യൈകതാനൻ=പ്രവൃത്തിയിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടിരിയ്ക്കുന്നവൻ. നൃലോകം=മനുഷ്യലോകം. രാവും പകലും കഷ്ടപ്പെട്ടു പണിയെടുക്കുന്നവർ പട്ടിണികിടക്കുക, പണിയെടുക്കാതെ വെറുതെയിരിയ്ക്കുന്നവർ സുഖിച്ചു മത്തടിയ്ക്കുക—ഇതിൽപ്പരം എന്തൊരു വൈരുധ്യമുള്ളൂ?

Digitized By Kerala Sahitya Akademi

# ൯. എന്റെ പ്രയാഗസ്നാനം

(കേക)

1. ഭാരതമഹാജനസഭയിലസഭ്യത
കേറിയോ, കരിംകാർകൾ നിരന്നോ തെളിവാനിൽ;
നിസ്തർക്കം കടന്നിതോ ഹംസചക്രത്തിൽക്കാകർ;
സത്വമാം ഗുണം തീണ്ടപ്പെട്ടിതോ തമസ്സിനാൽ'

---

1928—ലെ കല്ക്കത്താ കോൺഗ്രസ്സിനെപ്പറ്റി: ആ സമ്മേളനത്തിലേക്കു കവി ഒരു കേരളീയപ്രതിനിധിയായിപ്പോയിരുന്നു.

കല്ക്കത്താകോൺഗ്രസ്സസമ്മേളനത്തിൽ പത്തു പന്തീരായിരം തൊഴിലാളികൾ കടന്നുചെന്നപ്പോൾ, അവിടെ കൂടിയിരുന്ന മാന്യന്മാരുടെ ഇടയിലുണ്ടായ പരിഭ്രമത്തെ കവി സൂചിപ്പിക്കുന്നു.

1. ഭാരത......കേറിയോ—സ്വതേ മാന്യന്മാർമാത്രം ഹാജരാവാറുള്ള കോൺഗ്രസ്സ് സമ്മേളനത്തിൽ അസഭ്യത (സദസ്സിന്നർഹമല്ലാത്തതു്) കയറിക്കൂടിയോ? കരിം...........തെളിവാനിൽ—വെണ്മയേറിയ ആകാശത്തു് ഇരുണ്ട കാർമേഘങ്ങൾ നിരന്നുവോ! നിസ്തർക്കം—സംശയം കൂടാതെ. ഹംസചക്രം=അരയന്നക്കൂട്ടം. കാകർ=കാക്കകൾ. കാക്കകൾ അരയന്നക്കൂട്ടത്തിൽ സംശയലേശം കൂടാതെ കയറിപ്പറ്റിയോ? എന്തൊരു ധിക്കാരം! സത്വ.......തമസ്സിനാൽ സത്വഗുണത്തെ തമോഗുണം അശുദ്ധമാക്കിയോ! എന്തൊരുകഷ്ടം!

Digitized By Kerala Sahitya Akademi

2. സ്വന്തമാം നിഴലിനെല്ലാരേ കണ്ടിരുളെന്നു
ചിന്തിച്ചു പരുങ്ങിപ്പോയങ്ങേരിവിളക്കുകൾ;
പന്തലിലകം പുക്കാർ പെരുത്തു, ചേർന്നൊത്തൊരു
പന്തീരായിരത്തോളം കറുത്ത കൈവേലക്കാർ.
പഠിപ്പില്ല,റിവില്ല, പാവങ്ങളിവർക്കു ന-
ല്ലുടുപ്പില്ല,ടലിനു വെടുപ്പില്ല,ഴകില്ല.
പിടിച്ചുതള്ളാം പുറത്തെ,ന്തിനു സഭാമദ്ധ്യേ
കടന്നു കാര്യംകാണാക്കൈത്തൊഴിൽക്കാരിക്കൂട്ടർ?

3 വാരണോദ്ധൃതർ മുന്നിൽപ്പിടിച്ച പെരുംദണ്ഡം
വാരണോപമർക്കൊരു വാഴനാരിഴമാത്രം!
ആരെയും ദ്രോഹിയ്ക്കാതെ, ഭാവഭേദം പകരാതെ,
നേരെ മുന്നോട്ടുനടന്നാരവരൊതുക്കത്തിൽ

---

2. സ്വന്തമാം.........വിളക്കുകൾ —വിദ്യുച്ഛക്തിവിളക്കുകൾ തങ്ങളുടെ നിഴലിനെ അടുത്തു കണ്ട് ഇരുളാണെന്നു കരുതി പരുങ്ങിപ്പോയി; അവിടെ സന്നിഹിതരായ മാന്യർ സ്വകീയർതന്നെയാണ് ഈ കറുമ്പന്മാർ എന്നത് ഓർത്തില്ല! ചേർന്നൊത്ത്=കൂട്ടമിട്ട്. കാര്യംകാണാ.......കാര്യബോധമില്ലാത്തവർ; ഇതു സനാതനഭക്തന്മാരുടെ ഭാവനയാണ്.

3. വാരണോദ്ധൃതർ=തട്ടക്കൻമുതിന്നവർ. (വളണ്ടിയർമാർ.) പെരുംദണ്ഡം=വളണ്ടിയർമാരുടെ പക്കലുള്ള വലിയ വടി. വാരണോപമർ=ആനയെപ്പോലുള്ളവർ വാഴനാരിഴമാത്രം—അവർ വഴി നിഷ്പ്രയാസം തട്ടിമാറ്റി, അകത്തുകേറി,

Digitized By Kerala Sahitya Akademi

നിൎത്തിയാൽ നില്ക്കില്ലൊരു ബാടിയസ്സാധുക്കളിൽ
മൎത്ത്യതയുണ്ടന്നിരിയ്ക്കുന്നു പൈദാഹച്ചൂടാൽ;
വേദനപ്പിടച്ചുരുന്നുമുണ്ടതിൻ ചെവികളിൽ
മാതൃഭൂചരണത്തിൻ ചങ്ങലക്കിലുക്കങ്ങൾ.
തുടൎന്നു തുടൎന്നൊരേ വരിയായ്പ്പന്തല്ക്കുള്ളിൽ-
ക്കടന്നാക്കരിമെയ്യരെ,ഴുത്തു തെരിയാത്തോർ,
തങ്ങളെക്കൊണ്ടങ്ങൊരു കറുത്ത വരയിട്ടാർ
മങ്ങിയ സൽസ്വാതന്ത്ര്യക്കുറിപ്പിൻ ചുവട്ടിൽത്താൻ.
അല്പമാം വിമുക്തിയാലെങ്ങിനെ സംതൃപ്തരാ-
മത്രയും കഷ്ടപ്പാടാൽ വിഴുങ്ങപ്പെട്ടുള്ളവർ?
കൊടിയ പെരുംപാമ്പിൻ വായിൽനിന്നരയോളം
വിടുതി ലഭിപ്പതു വിടുതിയായെണ്ണാമോ?
4. ഭാരതമഹാസഭേ, സ്വാഗതമരുളുകീ-
ധീരരാമതിഥികൾക്കാദരഭരേണ നീ.

---

അതിൽ—മൎത്ത്യതയുടെ. മാതൃഭൂചരണം=മാതൃഭൂമിയുടെ കാൽ. തുടൎന്നു.........ചുവട്ടിൽത്താൻ—ഒരേവരിയായി പന്തലിൽ പ്രവേശിച്ചതുകൊണ്ടു അതു ചൊവ്വുള്ള ഒരു വരപോലെ കാണപ്പെട്ടു. മങ്ങിയ സൽസ്വാതന്ത്ര്യക്കുറിപ്പിന്റെ ചുവട്ടിൽ കറുത്തവരയിട്ടു—പൂൎണ്ണസ്വാതന്ത്ര്യംതന്നെ പ്രഖ്യാപിയ്ക്കണമെന്നാണ്, അവരുടെ ദൃഢനിശ്ചയം. ഉറപ്പുകാണിയ്ക്കാൻ ചുവട്ടിൽ വരയിടുക പതിവാണല്ലോ. കഷ്ടപ്പാടാൽ—പെരുമ്പാമ്പിനാലെന്നപോലെ.

4. ഭാരത.......സ്വാഗതമരുളുക—ഇവരുടെ ഉത്സാഹം കണ്ടു പരിഭ്രമിയ്ക്കാതെ, അവരോടു സ്വാഗതം പറയുക. ആദരഭ

Digitized By Kerala Sahitya Akademi

ഏറിയ കാലംകൊണ്ടിസ്ഥാണിലേ തവ യോഗം,
ചേരേണ്ടുന്നവർ ചേർന്നു പൂർണ്ണമായ്ച്ചമഞ്ഞുള്ളൂ.
പാരതന്ത്ര്യാരണ്യത്തെ വെട്ടിനീക്കാനും, പതിർ
ചേരാതെ സൌഭ്രാത്രത്തിൻ വിത്തിനെ വിതപ്പാനും,
സാരമാം വിഭവത്തെ വിളയിപ്പാനും, മുട്ട-
ചോരയുറപ്പാഞ്ഞീടുമീക്കൈകൾതാനിളകേണം.
പാരിങ്കലെങ്ങോ പൂഴ്ന്നുകിടക്കും കൃഷിവേല-
ക്കാരിവരല്ലോ സർവ്വമനുഷ്യക്കും മുരട്ടുകൾ.

5. പരമാന്നത്തെക്കൊട്ടാരങ്ങളിൽ നിരത്തുവോർ,
പശിദാഹത്തെ സ്വന്തം കുടിലിൽ നിറുത്തുവോർ,
പരരെ വെളുപ്പിപ്പാൻ തങ്ങളെക്കറുപ്പിപ്പോർ,
പഴയ നിസ്സ്വാർത്ഥരാം കർമ്മയോഗികളിവർ.

---

രേണ=കനത്ത ആദരവോടേ. കർഷകരും മററു തൊഴിലാളികളും ചേർന്നാലേ രാഷ്ട്രസഭയ്ക്കു പൂർണ്ണതവരൂ. പാരതന്ത്ര്യാരണ്യം=അസ്വാതന്ത്ര്യമാകുന്ന കാട്. ഇവർ കൃഷിത്തൊഴിലാളികളാണല്ലോ.

5. പരമാന്നത്തെ.......നിരത്തുവോർ—ഇവർ പണിയെടുത്തു ധനികർക്കു വിഭവസമൃദ്ധമായ ഭക്ഷണം നല്കുന്നു; ഇവർക്കോ പട്ടിണി. വിഭവങ്ങൾ ഉണ്ടാക്കുന്നവർക്ക് അവയനുഭവിയ്ക്കാൻ യോഗമില്ല! പരരെ.......കറുപ്പിപ്പോർ-കാററും വെയിലുമേററു കറുത്തവരായിത്തീരുന്നു. നിസ്സ്വാർത്ഥർ=സ്വാർത്ഥമില്ലാത്തവർ. കൃതി=പുണ്യവത്ത്. ഋഷിനാടിൻ പ്രഥമസന്താനങ്ങൾ—നിസ്സ്വാ

Digitized By Kerala Sahitya Akademi

മഴയും മഞ്ഞും കാററും വെയിലുമേററാരു നാളു-
മൊഴിയാതുഴലുകിന്നുവേണ്ടി വേലകൾ ചെയ്യോർ,
മിതമാമാഹാരത്താൽജ്ജീവിപ്പോർ—ഇവർ താനീ-
ക്കൃതിയാമൃഷിനാടിൻ പ്രഥമസന്താനങ്ങൾ.

6. കായമെല്ലാമേ കറുത്തിരുണ്ടുകലിപ്പുണി-
ക്കാരവരുടെ കമനീയമാം സാന്നിധ്യത്താൽ
കാണായിവന്നു വെണ്മകോലുമസ്സുഭഗനാം,
കാളിന്ദി സമ്മേളിച്ച വിണ്ടലപ്പുഴപോലെ.
അഗ്ഗംഗാകളിന്ദജാസംഗമസ്ഥാനം തന്നിൽ—
അഗ്ര്യപാവനമാകും പ്രയാഗതീർത്ഥം തന്നിൽ—
പൂണ്ടുകൊൾകാഹ്ലാദമെൻ പുണ്യമേ,—പേർത്തും പേർത്തു-
മാണ്ടു മുങ്ങിനേനല്ലോ, കോൾമയിർക്കൊള്ളുംവണ്ണം.

---

ശ്രമ, കർമ്മയോഗം മിതമായ ആഹാരം എന്നിവയാൽ ഇവരാണ്, ഋഷിനാടിൻെറ പ്രഥമസന്താനങ്ങൾ; ഇവർ ഋഷിതുല്യരായി ജീവിക്കുന്നു.

6. കാളിന്ദി കറുത്തിട്ടാണ്. വിണ്ടലപ്പുഴ=ഗംഗ. അഗ്ഗംഗാ..........സ്ഥാനം=ഗംഗയും കളിന്ദജയും (കാളിന്ദിയും) കൂടിച്ചേരുന്ന സ്ഥലമാണ് പ്രയാഗതീർത്ഥം. അഗ്ര്യപാവനം=മികച്ച ശുദ്ധികരം; ശുദ്ധികരങ്ങളിൽവെച്ച് മികച്ചതു്. പൂണ്ടു ............കോൾമയിർക്കൊള്ളുംവണ്ണം—കവിതൻെറ പുണ്യത്തോട് ആഹ്ലാദം കൊൾവാൻ പറയുന്നു. ഈ പ്രയാഗത്തിൽ സ്നാനംചെയ്യാൻ അസാധാരണമായ പുണ്യം വേണം.

---

Digitized By Kerala Sahitya Akademi

# ൯. നിത്യകന്യക

(കേക)

## I

വയലിൽപ്പണിനിർത്തിത്തിരിയേവന്നിട്ടാ,ത്മ-
പ്രിയയാൽ നല്കപ്പെട്ട കഞ്ഞിയിത്തിരി മോന്തി,
കുടിലിൻ കോലായ്ക്കരികിൽ വിശ്രമം കൊള്ളും ചേന്ന-
ന്നുടലിൽ വീഴും പച്ചത്തൂപ്പായ വിശറിമേൽ
പവിഴത്തുണ്ടുകളെപ്പതിച്ചു കൂടെക്കൂടേ,
പരിണാമഗമായ പകലിൻ കതിരുകൾ.
വേണ്ടാ ചെമ്പവിഴവും തങ്കവുമൊന്നുമവ-
ന്നാ,ണ്ടുപാട്ടത്തിൽക്കടക്കാരനാകാഞ്ഞാൽപ്പോരും!
ഏഴരപ്പറക്കുടിച്ചെല്ലണം പാട്ടമെല്ലാം:
'പാഴിയുമുണക്കവും' ജന്മിയെബ്ബാധിക്കുമോ?

---

1. പരിണാമഗം=അവസാനിക്കാറായതു്. പച്ചത്തൂപ്പു്=പച്ചയിലകൊണ്ടുള്ള തൂപ്പു്. വൈകുന്നേരത്തെ സൂര്യരശ്മികളുടെ തുടുപ്പിനെ പവിഴത്തുണ്ടുകളായി കല്പിച്ചിരിക്കുന്നു. വേണ്ട......പോരും=ആഡംബരത്തിലും പണത്തിലുമൊന്നും ചേന്നനു കൊതിയില്ല; കൊല്ലംതോറും അടയ്ക്കാനുള്ള പാട്ടം, കടക്കാരനാവാതെ, തീർത്തടയ്ക്കാൻ കഴിയുകയേ വേണ്ടൂ. ഏഴര......അൻപുരിക്കയാലത്രെ—ഏഴരപ്പറയ്ക്കു പതിനാലുകൂപ്പിക മതി

Digitized By Kerala Sahitya Akademi

ഏഴഃപ്പറയ്ക്ക മൂവ്വഞ്ചുറപ്പികവെച്ച-
ത്തേഴതൻപേരിൽ 'ത്തമ്പ്രാ'ന്നൻപുദിയ്ക്കയാലത്രേ!

II

ഇറയത്തുള്ളാ'ച്ചായ്ച്ചുകെട്ടി'യാം ൊഴത്തിൻെറ
പരിശൂന്യത പേർത്തുമവനെപ്പീഡിപ്പിച്ചു.:
ഒരിളംപയ്യാകുന്ന തന്നേകസമ്പത്തിൻ പൂ-
ട്ടറയായിരുന്നു തൽസ്ഥാന,മിന്നലെയോളം.
ജന്മിയ്ക്ക 'പൂക്കിയ്ക്ക'ണം നെൽവില; ചിലനാളാൽ-
ത്തന്മകം ചിരത്തായെക്കെട്ടിച്ചുകൊടുക്കേണം;
രണ്ടിനത്തിനുംക്രൂടിയൊട്ടുറപ്പിക കിട്ടാൻ
കണ്ടില്ല വേഃറ മാറ്റ്ഗം— വിററു പയ്യിനെപ്പാവം!
കായത്തിൻ കറപ്പായ രാത്രിയാൽപ്പുണർ കുമ്പി-
പ്പോയപുണ്ഡരീകപ്പൂപോലൊരു വെള്ളച്ചുട്ടി
നെററിമേൽ വിലസുമാറ്റാവിനെ ക്രേതാവിൻെറ
യുററവരന്തിത്തള്ളിക്കൊണ്ടുപോവതുകാണ്കെ

---

ഏന്നുവെച്ചത്. ആ സാധുവിൻെറ പേരിൽ തമ്പുരാന്നു (ജ-
ന്മിയ്ക്കു) ദയതോന്നിയതുകൊണ്ടാണ്!

I

പരിശൂന്യത=ശൂന്യതപം. തൽസ്ഥാനം=ആസ്ഥലം. പൂ-
ക്കിയ്ക്ക=മുകാട്ടത്തുതീക്കക. ചില പൈക്കളുടെ നെററിമേൽ
വെളുത്ത ചുട്ടിയുണ്ടാകാറുണ്ട്. ഈ പയ്യിൻെറ നെററിച്ചുട്ടി
പുണ്ഡരീകപ്പൂ (വെള്ളത്താമരപ്പൂ) പോലെയുള്ളതാണ് അതു
കുമ്പിയതു, കായത്തിൻെറ (ശരീരത്തിൻെറ)കറപ്പാകുന്ന രാത്രി

Digitized By Kerala Sahitya Akademi

ചെററല്ല വാർന്നു കണ്ണീർ, ചേനനുമുണ്ണൂലിയ്ക്കും:
മറെറാരു മകളാണക്കൊച്ചുപയ്യിവർക്കല്ലോ;
ഇദ്ദീനഗൃഹസ്ഥർതന്നൌരസകുമാരിയോ,
മർദ്ദിക്കപ്പെട്ടകയായ്, സ്വാനുജാവിയോഗത്താൽ!

ചേനനും കുടുംബവുമൊപ്പമേ നോക്കിപ്പോററി-
പ്പോന്നവളാണാ, ത്തള്ള ചത്ത പൈക്കിടാവത്രേ:
പയ്യിൽ വേകമാറുണ്ടു, പ്പാവങ്ങൾ പലപ്പോഴും;
പയ്യിൻെറ വയറൊട്ടാൻ സമ്മതിയ്ക്കുകില്ലെന്നും.
ഭൂവിൻെറ മരകതരശ്മികന്ദളമായ
പൂവൽപ്പുല്ലതിനേകം, വേനലിൽപ്പോലുമവർ.

---

യാലായിരിയ്ക്കാം! താമര രാത്രിയിൽ കൂമ്പുമല്ലോ. ആ കുട്ടി വെൺതാമരമൊട്ടുപോലെയായിരുന്നു. ക്രേതാവ്=വാങ്ങിയ ആൾ. ഉററവർ=കൂട്ടർ. ഉണ്ണൂലി—ചേനൻെറ ഭാര്യയുടെ പേർ. ഔരസകുമാരി=സ്വന്തം മകൾ. ഉണ്ണൂലി-ചേനന്മാരുടെ സ്വന്തം മകൾ സ്വാനുജാവിയോഗത്താൽ (തൻെറ അനുജത്തിയുടെ—തൻെറ അച്ഛൻെറ മറെറാരു മകളായ ആ പയ്യ് അവൾക്കൊരനുജത്തിയാണ്.) ഞെക്കിഞെരുക്കപ്പെട്ടു. തള്ള ചത്ത പൈക്കിടാവത്രേ—ചേനനും ഉണ്ണൂലിയ്ക്കും ആ പയ്യിൻെറ അനാഥത്വത്തിൽ വിശേഷിച്ചും സ്നേഹവും അലിവുമുണ്ടായി. പയ്യ്—വിശപ്പ്. തങ്ങൾ പട്ടിണികിടന്നാലും അവർ ആ പയ്യിനെ പട്ടിണിയിടാറില്ല. മരകതരശ്മികന്ദളം—ഇളംപുല്ല് ഇന്ദ്രനീലക്കല്ലിൻെറ രശ്മിയുടെ മുളപോലെ പച്ചവർണ്ണമുള്ളതാണല്ലോ. ആകമ്രം=സുന്ദരം. ഫാലാമ്പുജമുകുളം=



Digitized By Kerala Sahitya Akademi

ഗോവരതോ, തൻപാർശ്വത്തിൽച്ചാരിനിന്നായിട്ടും;
നാവിനാൽ നക്കിത്തോർത്തുമവർതൻ ഗാത്രങ്ങളെ.

കൈകളാൽക്കണ്ഠം കെട്ടിപ്പിടിച്ചു കനിഞ്ഞുനി–
ന്നാകമ്രമാമപ്പയ്യിൻ ഫാലാബ്ജമുകുളത്തെ

ത്തുരുരു മുകർന്നാലും നിർത്തില്ല ചേന്നൻ;-തിൽ,
നേരിയ കുശുമ്പുരംച്ചേർന്നിട്ടുണ്ടാം ചിരുതയ്യും!

അഞ്ജനാഭമാംമെയ്യും, മയ്യെഴുതിയകണ്ണും,
കുഞ്ഞിത്താടയു,മൊട്ടു വളഞ്ഞ വളർകൊമ്പും,

മഞ്ജുലക്ഷണശ്രീതൻ കാളാഞ്ചിപോലാം വാലും—
അഞ്ജസാ മായുന്നോ നല്ലിവക്ക്,പ്പയ്യിൻ ചിത്രം.

ചിനയുണ്ടാകാമുടൻ, ചേന്നന്റെയപ്പുത്രിയ്ക്കു;
കനക്കെത്തുങ്ങാ,മൊരു പാല്ക്കുടമകിടിങ്കൽ;

---

നെററിയിലുള്ള താമരമൊട്ട് (വെള്ളച്ചുട്ടി.) ത്തുരുരു.......ചിരുതയ്യും. ആ കവിഞ്ഞ വാത്സല്യപ്രകടനത്തെ ചേന്നന്റെ പ്രിയപുത്രിയായ ചിരുത തെല്ലൊരസൂയകൂടാതെ എങ്ങനെ നോക്കിക്കാണും? അഞ്ജനാഭം=അഞ്ജനംപോലെ കറുത്തത്. മയ്യ്=മഷി. വളർകൊമ്പ്=വളർന്നുവരുന്ന കൊമ്പ്. മഞ്ജുലക്ഷണശ്രീ=നല്ല ലക്ഷണങ്ങളുടെ ശ്രീ (ലക്ഷ്മി) കാളാഞ്ചി=പൊന്തൊങ്ങൽ. ചേന്നന്റെയും ഉണ്ണൂലിയുടെയും മനസ്സിൽ മാച്ചാത്ത ചിത്രമാണ് ആ പയ്യ് വരച്ചിട്ടുള്ളത്! ഗോരൂപമായ്=പശുവിന്റെ ആകൃതിയിൽ. ദൌഹിത്രപ്പൈതൽ—പയ്യ് മകളാവുമ്പോൾ, അതിന്റെകുട്ടി മകളുടെ കുട്ടിയാവുമല്ലോ. കറമ്പി—ചേന്നന്റെ പയ്യിന്റെ പേര്. ആരക്തം=ചുവന്നത്.

Digitized By Kerala Sahitya Akademi

വാൽ പൊക്കിയോടിച്ചാടിക്കളിയ്ക്കാം വളപ്പിൽ,ഗ്ഗോ-
ത്രൂപമായ്പ്പിറന്ന തൽപ്പിഞ്ചുടെ വൈചിത്ര്യപ്പെരുതൽ—
തീരുമോ, 'കറുമ്പി'യെക്കുറിച്ചു സംസാരിച്ചാ-
ലാ?-രാവും കഴിഞ്ഞിതങ്ങവക്കു കൺചിമ്മാതെ.
ആരക്തമായീ കിഴക്കാ,മിഷവിപണി പോ-
ലാ;-രുണാധ്വാവിൽപ്പാറിപ്പാറന്നു പതഗങ്ങൾ.

III

കല്യാണത്തിന്നു കഷ്ടിപിഷ്ടി വല്ലതും വാങ്ങാൻ
ചില്ലറക്കടകൾതൻതെരുവിൽ നടക്കവേ,
ചന്തമൈതാനത്തൊരേടത്തൊരാൾക്കൂട്ടത്തെക്ക-
ണ്ടെ,ന്തിതെന്നറിയാനായങ്ങോട്ടു ചെന്നു ചേന്നൻ.
കാല്കൾ നാലിടത്തെയ്ക്കു വലിച്ചുകെട്ടപ്പെട്ടും
വായ്കട്ടംചരടിനാൽ വരിയപ്പെട്ടും ഹാ ഹാ,

---

ആമിഷവിപണി=മാംസച്ചന്ത: അതു പ്രാണിരക്തത്താൽ തുടു-
ത്തിരിക്കുമല്ലോ. ആരുണാധ്വാവ്=അരുണന്റെ (സൂര്യന്റേ)
തായ മാർഗ്ഗം, ആകാശം. പതഗങ്ങൾ=പക്ഷികൾ. പിറേറന്നു
നേരം പുലർന്നുവെന്നു പറയുന്നതോടൊപ്പം, വരാനിരിക്കുന്ന
ആ അനിഷ്ടസംഭവത്തെ—പയ്യിനെ വെട്ടിക്കൊല്ലാൻ പോകു-
ന്നതിനെ സൂചിപ്പിച്ചിരിക്കുന്നു.

III

1. കല്യാണം—ചേന്നന്റെ മകളുടെ വിവാഹം. അ-
തിന്നുവേണ്ടിയിട്ടുംകൂടിയാണല്ലോ, പയ്യിനെ വിററതു്. അന്ത-
കദ്വാരം=അന്തകന്റെ (മരണത്തിന്റെ) വായ. ഭീമസംഗരക്ര-
തുതർപ്പണാൽ=ഘോരയുദ്ധമാകുന്ന ക്രതുത്തിന്നു തർപ്പണം ചെയ്യു

Digitized By Kerala Sahitya Akademi

കണ്ടുമന്തകഠോരത്തെയ്ക്കു നീട്ടിയ്ക്കപ്പെട്ടു-
മുണ്ടോ,രു കരുമ്പിപ്പയ്യുങ്ങ നിശ്ചേഷ്ടം നില്പൂ,
ഭീമസംഗരഭ്രുതത്പ്പുണ്ണാലൊട്ടങ്ങിയ
ഗോമാംസം കൊതിച്ചെത്തിച്ചേന്നാമർത്ത്യർതൻ മദ്ധ്യ!
തീൎന്നു സംശയം രണ്ടാമത്തെ നോട്ടത്തിലു,ത്തു
ചേന്നതെൻറ പൈതാൻ; തെറിയ്ക്കുണ്ടു തങ്ങലർമൊട്ടും.
തിരയ്യോന്നു പാഞ്ഞുചെന്നാ,യാൾതൻ തലച്ചോറിൽ:–
'പയ്യിനെക്കൊന്നല്ലോ, പണ്ടത്തെ പുത്രപക്ഷപായ് ഞാൻ!'
ഓട്ടുകിങ്ങിണിമാല ചാൎത്തണ്ടിയിരുന്ന തൻ-
വീട്ടപൈക്കിടാവിൻെറ നീൾക്കഴുത്തിങ്കലതാ,
ആഴയായ് കശാപ്പിൻവാൾ; കഴിവെന്തു?-ൾബ്ബോധംകെ-
ട്ടാകുലാശയൻ വീണാന,ഹിംസാനാടിൻ മണ്ണിൽ.
ആക്കിതിൽപ്പതിയും കണ്ണോ?-ൾപ്പരിഷയ്ക്കാ, മൃതി-
വ്യാഘ്രി നാററിയ മാംസപ്പൊതിമേലല്ലോ നോട്ടം.

---

നിമിത്തം. പട്ടാളക്കാൎക്കു തിന്നാൻ വെട്ടിവെട്ടി ഗോക്കൾ മുക്കാലും ഒടുക്കപ്പെട്ടിരിയ്ക്കുന്നു. തിരയ്യോന്നു.......ഞാൻ—പൈമ്പത്തു ശ്രുപക്ഷവേണ്ടിയുള്ള തൻെറ ജൈവക്കം നിമിത്തമാണല്ലോ ഈ പയ്യിനെ കൊല്ലാൻ കൊടുക്കേണ്ടിവന്നതു്. ആകുലാശയൻ=മനസ്സുകലങ്ങിയവൻ. ഓട്ടുകിങ്ങിണിമാല ആ പയ്യിൻെറ കഴുത്തിലണിയിയ്ക്കാൻ ചേന്നനു മോഹമുണ്ടായിരുന്നു; കാശില്ലായ്കയാൽ കഴിഞ്ഞില്ല. അഹിംസാനാടു്—ബുദ്ധൻെറ കാലംമുതല്ക്കു ഭാരതം ഇങ്ങിനെ പ്രശസ്തിനേടിയിട്ടുണ്ടല്ലോ. മൃതിവ്യാഘ്രി=മരണമാകുന്ന പെൺപുലി. എല്ലാവരും ആ മാംസത്തിന്നു കൊതിച്ചുനില്ക്കുകയാണു്.

Digitized By Kerala Sahitya Akademi

എന്നാലപ്പശുവിന്റെയായുസ്സിൻ ബലത്താലോ,
കന്നിനെപ്പൊന്നായ്ക്കാണും കണ്ണിന്റെ പുണ്യത്താലോ,
'ചങ്ങാതിമാരേ, നില്ക്കിൻ, നില്ക്കി'ന്നെന്നോടിക്കിത-
ച്ചഞ്ഞെത്തീ, ദയാദൂതൻപോലൊരു മുസ്ലീംമാന്യൻ.
'തുറുപ്പിക തന്നാൽപ്പയ്യിനെ വിടാ'മെന്നു
കൈരണ്ടും മലർത്തിനാന,തിനെവാങ്ങിച്ചവൻ.
'ചെന്നിണം തളിയ്ക്കുമോ, ശുദ്ധവേദത്തിൻ താളി-
ലെ'ന്നു, ഉപായാതൻ ചെയ്ത ധൗഷ്ട്യഖണ്ഡനത്താലേ
കാലപാശോഗ്രക്കെട്ടിൽനിന്നവർപെട്ടപ്പെൺനാ-
ല്ക്കാലിയൊരാശ്വാസത്തിൻ ശബ്ദമിട്ടതോടൊപ്പം,
കേരളകൃഷകന്റെ കഷ്ടപ്പാടിനിമേലും
പേറുവാനണന്നോററ ചേന്നനാ മുസൽമാനെ
വററിയ ചുണ്ടാലതിൻ വാസ്തവമറിയിച്ചാൻ:—
'വിററതെംപതിന്നാണു, തുറുപ്പികയ്ക്കല്ലാ.

---

2. എന്നു്—എന്നുപറഞ്ഞു്. ദയാദൂതൻ=ദയയുടെ ദൂതൻ. ഉപായാതൻ=അടുത്തുചെന്നവൻ. ധൗഷ്ട്യഖണ്ഡനം=ധൃഷ്ടതയെ മുറിയ്ക്കൽ. കാലപാശോഗ്രക്കെട്ടു്=കാലപാശത്തിന്റെ (=യമന്റെ കയറിന്റെ, മരണത്തിന്റെ) ഉഗ്രമായ കെട്ടു്. ആ മുസ്ലീംമാന്യൻ 'ശുദ്ധവേദത്തിൽ കുറാനിൽ ചോരതെറിപ്പിയ്ക്കയോ?' എന്ന ചോദ്യംകൊണ്ടു്, പയ്യിനെ കൊല്ലാൻ വേണ്ടി വരിഞ്ഞുകെട്ടിയിരുന്നവരുടെ ധൃഷ്ടതയെ ഛേദിച്ചു—ഈ ചോദ്യത്താൽ അവരുടെ മുറുക്കിപ്പിടുത്തം ഒന്നയഞ്ഞു; അതോടുകൂടി പയ്യിന്നു ശ്വാസം വിടാമെന്നായി. ചേന്നൻമൃതപ്രായ

Digitized By Kerala Sahitya Akademi

വെട്ടമെന്നറിഞ്ഞെങ്കിൽ വില്ലില്ലായിരുന്നു ഞാൻ—'
'പെട്ടെന്നു തേങ്ങിത്തേങ്ങിക്കേഴുകയായ്, കൃഷിക്കാരൻ;
ആർദ്രമാനസരാക്കി, ഗോവധം സധൈര്യരായ്-
പ്പാർത്തുനിന്നവരെയും, ചേന്നൻെറ പശ്ചാത്താപം.
3 സാമർഷഹാസാശ്ചര്യസംഭ്രമാദിയാം ദൃഷ്ടി-
സ്തോമത്താൽസ്സമാവൃതനാകിയ ചേന്നൻ മെല്ലെ
മുപ്പത്തഞ്ചുറുപ്പികയുള്ളതു മടിയിൽനി-
ന്നു,ല്പവും മടിക്കൂടാതെടുത്തു നമപ്പിച്ചാൻ,
'ചെലവായ്പ്പോയീ, പാട്ടംതീക്കുവാൻ പതിനഞ്ചെ-'
ന്നലംഘ്യകൃതജ്ഞതാനമ്രനായ,മ്മാന്യങ്കൽ.
ചേന്നൻെറ മുപ്പത്തഞ്ചിൽ നാല്പതു തൻകയ്യാലേ
ചേത്തഴപ്പത്തുമഞ്ചും കൃപകൊണ്ടൊരുമട്ടിൽ

---

നായിരുന്നു. കേരള.......ചേന്നൻ കേരളത്തിലെ കൃഷിക്കാരുടെ കഷ്ടപ്പാട് മേലിലും ചുമക്കാനാണ്, അവൻ മോഹാലസ്യം വിട്ടെഴുന്നേററത്! ആർദ്രമാനസർ=ഹൃദയമലിഞ്ഞവർ.

3. സാമർഷഹാസാശ്ചര്യസംഭ്രമാദി—അമർഷം (അരിശം) ഹാസം (പരിഹാസം) ആശ്ചര്യം, സംഭ്രമം മുതലായവയോടു കൂടിയതു്. ദൃഷ്ടിസ്തോമം=കണ്ണുകളുടെ കൂട്ടം. അവിടെ കൂടിനിന്നിരുന്ന ആളുകളിൽ അപ്പോഴുണ്ടായ വിവിധവികാരങ്ങളാണ് മേല്പറഞ്ഞവ. സമാവൃതൻ=മൂടപ്പെട്ടവൻ. എല്ലാക്കണ്ണുകളുംകൂടി ചേന്നനെ പൊതിഞ്ഞുകളഞ്ഞു. പശുവിനെ വെട്ടാൻ വാങ്ങിയവക്ക' അതു തരപ്പെടാത്തതിലുള്ള ക്രോധം; മററു ചിലക്ക്, ഈ നാടൻ ഇത്ര വിഡ്ഢിയാണല്ലോ എന്ന പരിഹാ

Digitized By Kerala Sahitya Akademi

മുത്ത്യച്ഛന്തയിൽനിന്നു മേടിച്ചസ്സുരഭിയെ-
ത്തുഷ്ടനാമവന്നുതാനേകിനാൻധർമ്മിഷ്ഠൻ.

വിററ പൈ വീണ്ടും കയ്യിൽവന്നതല്ല,പശ്ചാത്യ-
പററിയില്ലിതിനെന്നതാണവനാത്മാശ്വാസം:
കല്യാണം നടത്താൻ കാശില്ലെങ്കിൽ വേണ്ടാ; നിത്യ-
കന്യയായിരുന്നുകൊള്ളട്ടെ, തൻപൊന്നുമകൾ!

---

സം; വേറേചിലക്ക് ഒരു പയ്യിനെച്ചൊല്ലി ഇത്രയൊക്കെ ഒരാളും വ്യസനിയ്ക്കുമോ എന്ന ആശ്ചര്യം; ഇനിയും ചിലക്ക് ഈയാളും എന്തുചെയ്യുമെന്ന സംഭ്രമം. അലംഘ്യകൃതജ്ഞതാനമ്രൻ=കനത്ത കൃതജ്ഞതയാൽ കുനിഞ്ഞവൻ. അമ്മാന്യങ്കൽ സമപ്പിച്ചാൻ=അദ്ദേഹത്തിൻെറ കയ്യിൽകൊടുത്തു. സുരഭി=പയ്യ്. ധേനുന്ന് ആ പയ്യ് (സുരഭി-കാമധേനു) തന്നെയാണ്. ഇതിന്ന്—പയ്യിന്ന്.

Digitized By Kerala Sahitya Akademi

# ൧. പനിനീർപ്പൂവും പൈതലും

(മാകന്ദമഞ്ജരി)

1. സ്വൈരമാം സായാഹ്നസഞ്ചാരവേളയിൽ,
വാരുണത്തോപ്പിലെച്ചെന്താർകളെ
വാരിയെടുപ്പാനോ നുള്ളാനോ വാഞ്ഛയൂ-
ന്നോരാതെ പൊങ്ങിയ മൽകരങ്ങൾ,
പാർത്ഥിവമായൊരു തോപ്പിലെ മുൾച്ചെടി-
ച്ചാർത്തൊട്ടു ചേർച്ചലഭിക്കയാലേ
ഹന്ത, സമ്പൂർണ്ണങ്ങളായ്ത്തീർന്നിതേ, താനു-
മന്തിച്ചുകപ്പിൻ നുറുങ്ങുകളാൽ!

---

1. വാരുണത്തോപ്പ്=വരുണന്റെ തോട്ടം. (പടിഞ്ഞാറേദിക്ക്.) വാരുണ..........ച്ചെന്താർകളെ—അന്തിച്ചുകപ്പിൻ കണ്ണങ്ങളെ വരുണന്റെ തോട്ടത്തിലെ തുടുപൂക്കളായി കല്പിച്ചിരിക്കുന്നു. നുള്ളുക=അറുക്കുക. പാർത്ഥിവം=ഭൂമിയിലുള്ളത്. മുൾച്ചെടിച്ചാർത്ത്—പനിനീർച്ചെടിക്കൂട്ടം. ആകാശത്തിലെ അന്തിത്തുടുപൂക്കൾക്കായി പൊങ്ങിയ എന്റെ കൈകൾ ഭൂമിയിലെ ഏതാനും പനിനീർപ്പൂക്കളാകുന്ന അന്തിച്ചുകപ്പിന്റെ തുണ്ടുകളാൽ നിറഞ്ഞു! പനിനീർപ്പൂ കൈനിറയെ നുള്ളിയെടുത്തു.

Digitized By Kerala Sahitya Akademi

2 എന്തിനു മെല്ലെക്കിതച്ചുകൊണ്ടീയെന്നെ-
പ്പിന്തുടരുന്നൂ തെന്നലേ, നീ?
നിങ്കലതിക്കാനല്ലി, പുഷ്പസൌരഭ്യ;-
മെങ്കയ്യിലില്ല, തു സമ്പത്തൊന്നും.
ഞാൻതന്നേ വേണ്ടോളമൊന്നാസ്വദിച്ചീലി-
ത്തേൻതുള്ളി താവിനത്തൂണാതെ!
പാതയ്ക്കൂട്ടത്തഗ്രഹത്തിൽ, കരിംകുഴൽ
കോതി നില്ക്കുന്നൊരു താരുണ്യശ്രീ
വാൎദ്ധകനീതങ്ങളാമസ്സുമങ്ങളിൽ-
ക്കൂർത്ത കൺകോണാലൊരേറെറിഞ്ഞു!
ഹൃദ്യമാം ഗന്ധാപരക്കിലും, ഹാ, പറ-
ന്നെത്തീല വണ്ടുകളെൻപൂക്കളിൽ:

---

2. അപ്പോഴും കാററുവീശിയതു്, തന്റെ കയ്യിലുള്ള പുഷ്പസൌന്ദര്യത്തെ തട്ടിയെടുക്കാനാണെന്നു കരുതി, കവി കാററിനോടു പറയുന്നു, തന്റെ പിന്നാലെ വരേണ്ടെന്നു്. താൻ തന്നെ നല്ലവണ്ണമൊന്നാസ്വദിക്കാതെ മറെറാരാൾക്കു് എങ്ങനെ കൊടുക്കും. കരിംകുഴൽ=കറുത്ത തലമുടി. താരുണ്യശ്രീ=യൌവനലക്ഷ്മി; തരുണി എന്നു സാരം. വാൎദ്ധകനീതങ്ങൾ=വാൎദ്ധക്യത്താൽ (കിഴവനായ എന്നാൽ) കൊണ്ടുപോകപ്പെട്ടുന്ന. കൂർത്ത.........എറെറിഞ്ഞു—ഒരു കിഴവൻ ഈ തരുണോചിതങ്ങളായ പൂക്കളെ എന്തിനു നുള്ളിക്കൊണ്ടുപോകുന്നുവെന്നാവാം, ആ കൂർത്ത നോട്ടത്തിന്നൎത്ഥം. ഹൃദ്യമാം.......കൃതജ്ഞതാഹർ—അത്യധികം അകംകുളിൎപ്പിക്കുന്ന പരിമളമുണ്ടായിരു

Digitized By Kerala Sahitya Akademi

അത്തേൻ കൊതിയരെയാട്ടിയോടിച്ചതിൽ-
പ്പുത്തൻകവികൾ കൃതജ്ഞതാർഹർ!

3. വാടൊല്ലേ, വാടൊല്ലേ, ഞെങ്ങൊല്ലേ, ഞെങ്ങൊല്ലേ,
വാടികാസൌഭാഗ്യക്കുരുന്നുകളേ,

കാൽവേദനിപ്പിക്കും കല്ലറമ്പിങ്കൽനി-
ന്നാവിർഭവിച്ച പതുപ്പുകളേ,

മുള്ളുനിറഞ്ഞൊരു ജീവിതത്തേയുമൊ-
ട്ടുല്ലസിപ്പിക്കുന്ന ഭാഗ്യങ്ങളേ,

---

ന്നിട്ടും, എന്റെ പൂക്കളിൽ വണ്ടുകൾ പറന്നെത്തിയില്ല. അത്തേൻകൊതിയരെ—വണ്ടുകളെ—പുത്തൻകവിതക്കാർ ആട്ടിയോടിച്ചിരിക്കുന്നുവല്ലോ! വണ്ടുംതണ്ടാരും മററും ചേർന്നാൽ കവിത പഴഞ്ചനാകുമെന്നല്ലേ, അവരുടെ ഉൽഘോഷണം? അങ്ങിനെ വണ്ടുകളെ അകററിവിട്ടതുകൊണ്ട് എന്റെ പൂക്കൾക്കു ഭംഗബാധ സംഭവിച്ചില്ല; ഈ ഉപകാരത്തിനു പുതുകവികളോടു നന്ദിപറയേണ്ടിയിരിക്കുന്നു!

3. വാടികാസൌഭാഗ്യക്കുരുന്നുകൾ—പൂക്കളെ വാടികയുടെ (ഉദ്യാനത്തിന്റെ) സൌഭാഗ്യ (സൌന്ദര്യ)ക്കുരുന്നുകളെന്നു അധ്യവസായം ചെയ്തിരിക്കുന്നു. കീഴ്വരികളിലും അധ്യവസായംതന്നെ. കാൽ.......പതുപ്പുകളേ—കാലിനെ എന്തെന്നില്ലാതെ വേദനിപ്പിക്കുന്ന കല്ലറമ്പിൽനിന്നു ഈ പതുപ്പുകൾ (അതിമാർദ്ദവമുള്ളവ) ഉണ്ടായതെത്ര അത്ഭുതം! മുള്ള.......ഭാഗ്യങ്ങളേ=മുള്ളുള്ള പനിനീർച്ചെടിയുടെ ജീവിതത്തെപ്പോലും ഉല്ലാസ

Digitized By Kerala Sahitya Akademi

ഇപ്പൂപോലൊന്നു തൊടാതല്ലോ കൈകളിൽ
വെച്ചിരിയ്ക്കുന്നതു നിങ്ങളെ ഞാൻ!

4. തോട്ടത്താൽപ്പൂജിതനാകിയ ഞാനെൻറ
വീട്ടിൻപടിയ്ക്കൽച്ചെന്നപ്പോഴെയ്ക്കും,
'അപ്പാ, പൂ, പൂവെ'ന്നു പൂവിളം ചുണ്ടിനാ-
ലുച്ചരിച്ചോടിവന്നാളെൻപൈതൽ.
മാൺപേറുമേതോ പണിത്തരമാകുമാ
മാണിക്യക്കഞ്ഞതിയല്ലക്കകളെ
ഒന്നൊന്നായ്‌വെച്ചുകൊടുത്തേൻ കുനിഞ്ഞുനി-
ന്ന,നന്തരം പിഞ്ചുകുടന്നയിൽ ഞാൻ.
വൃദ്ധൻെറ ചുക്കിച്ചുളിഞ്ഞു കുഴഞ്ഞുള്ള
ഹസ്തത്തിൽനിന്നു കിടാവിനുടെ
പൂവൽക്കരത്തിൽപ്പകർന്നതോടൊപ്പ,മ-
പ്പൂവുകൾ പൂവുകളായീ പേർത്തും:
പൂവോ, നീ ബാല്യമേ? ബാല്യമോ, പൂവേ, നീ?
കേവലമൊന്നിൻ പേരാകാം രണ്ടും!

---

വത്താക്കുന്നഭാഗ്യങ്ങളാണ് ഈ പൂക്കൾ. ഇപ്പൂ...... ഞാൻ— അതു വാടുകയോ ഞെരുങ്ങുകയോ ചെയ്താലോ എന്നുപേടിച്ച്.

4. തോട്ടത്താൽ പൂജിതൻ—തോട്ടത്തിൽനിന്നു പൂക്കൾ കിട്ടിയവൻ. മാൺപ്—ഭംഗി. മാണിക്യക്കഞ്ഞതിയല്ലക്കകളെ —അവരപാലുള്ള പനിനീർപ്പൂക്കളെ. അനന്തരം പിഞ്ചുകുടന്ന—കുട്ടിയുടെ കുടന്ന. വൃദ്ധൻെറ.......പേർത്തും—ചേരേണ്ട

Digitized By Kerala Sahitya Akademi

കൊച്ചിന്റയൈശ്വര്യം ചോദിച്ചു സാഹ്ലാദഃ-
'മഞ്ഞന്ത വെണ്മയാ പൂവിതൊന്നും?'
'അച്ഛനിങ്ങിപ്പനിനീർപ്പൂവേ പോരു'മെ-
ന്നുള്ളംകവിളിൽ മുകർന്നിവൻ!

---

തിനോടു ചേർന്നപ്പോൾ പുഷ്പങ്ങളുടെ ചന്തം തെളിഞ്ഞു കാണപ്പെട്ടു. ബാല്യവും പൂവും വാസ്തവത്തിൽ ഒന്നുതന്നെ. ഇപ്പനിനീർപ്പൂവ്–കുട്ടിയുടെ ആഹ്ലാദത്തുടുപ്പിയന്ന കവിൾ.

Digitized By Kerala Sahitya Akademi

# വ്യ. മണൽക്കാററ്

(കേക)

1. ഗംഗതൻമറുകരെച്ചെന്ന തോണിയിൽനിന്നു
മംഗളമണൽത്തിട്ടിലിറങ്ങി യഥേഷ്ടം
നടകൊണ്ടീടും ഹ്യൂയൻ സാങ്ങിനെത്തടുത്താരാ:-
കടവു കടത്തിയ തസ്കരക്കരിമല്ലർ:
ചപ്രമീശകൾ പാറുമച്ചട്ടിമുകറുക-
ളുൽപ്പൈശാചികഹാസ്യം മുരണ്ടാരൊന്നീവണ്ണം:—
'കട്ടപ്പൊൻ പരിചൊത്തൊരാൺപിറന്നോനെക്കയ്യിൽ-
ക്കിട്ടിയിട്ടു,മുമയ്ക്കാതങ്ങുവിട്ടയ്ക്കും ഞങ്ങൾ!'
കഠിനകർമ്മാക്കളാമവർക്കിത്തരുണൻറെ
കഴുത്തു കിടയ്ക്കേണം കടുത്തുക്രചിയ്ക്കുന്നായ്!

2. തെയ്യാറായ് ബലിവേദി—ഭിക്ഷുഘാതികൾ വാസം-
ചെയ്യേണ്ടും നരകത്തിൻ കൽത്തറപ്പണി തീർന്നു.

---

1. മംഗളം=സുന്ദരം; അഥവാ പുണ്യകരം. യഥേഷ്ടം=ഉദ്ദേശിച്ചപോലെ. ഹ്യൂയൻസാങ്ങ്—പ്രസിദ്ധനായ ചീനക്കാരൻ സഞ്ചാരി. അച്ചട്ടിമുകറുകൾ—ചട്ടിമുകറന്മാരായ കരിമല്ലർ. ഉൽപ്പൈശാചികഹാസ്യം=പൈശാചികമായ ഹാസ്യം (പരിഹാസം) പുറപ്പെടുവിച്ച്; ക്രിയാവിശേഷണം. ഉമയ്ക്കാതെ—ദേവിയ്ക്കായി കഴുത്തുവെട്ടാതെ.

2. ബലിവേദി=ബലിയ്ക്കുള്ള തറ; അതു നരകത്തിൻറെ അസ്തിവാരമാണ്. ഭിക്ഷുഘാതികൾ=ഭിക്ഷുവിനെ കൊല്ലുന്ന

Digitized By Kerala Sahitya Akademi

പിമ്പതിന്മീതേ കേററിനിത്തിനാർ,കാളീപൂജ-
യ്ക്കിമ്പമോടൊരുമ്പെട്ട നാവികരദ്ദേഹത്തെ.
താമസമൂത്തികളാമവരാൽപ്പരിവൃത,-
നാമഞ്ഞപ്പുടവകൾ ധരിച്ച മനോജ്ഞാംഗൻ,
തീ തട്ടിക്കരിഞ്ഞുള്ള പാഴ്മരങ്ങൾ തൻമധ്യേ
പൂതിങ്ങി നില്ക്കുന്നോരു കൊന്നതൻ സാമ്യം നേടീ-
കാറുകൾക്കിടയിലെക്കതിരോനായിക്കാണായ്
ഭൂരിതേജസ്സാബ്ബൌദ്ധഭിക്ഷുവിൻ തിരുമുഖം.
ചൈത്യങ്ങൾതോറും ചെന്നു തന്നിവാസയാം ജ്ഞാന-
മൂത്തിയെ—ബ്ബൌദ്ധഗ്രന്ഥപംക്തിയെ—ബ്ബഹുജിപ്പാനും,
യോഗമഭ്യസിപ്പാനും വേണ്ടിയാണി,ന്ത്യാരാജ്യ-
ത്താഗമിച്ചതീ, നിർവ്വാണേച്ഛുവാം ചീനക്കാരൻ.

---

വർ. കാളീപൂജയ്ക്കു നരബലിനടത്തപ്പെട്ടിരുന്നു. താമസമൂത്തികൾ—കറുത്തിരുണ്ടവർ. പരിവൃതൻ=ചുററപ്പെട്ടവൻ. ഹ്യൂയൻസാങ്ങ് ബുദ്ധഭിക്ഷുവായതിനാൽ മഞ്ഞവസ്ത്രമാണ് ധരിച്ചിരുന്നതു്. തീ.......സാമ്യം നേടീ—ആ കരിമല്ലന്മാരുടെ മധ്യത്തിൽ നില്ക്കുന്ന ബുദ്ധഭിക്ഷു, തീ തട്ടിക്കരിഞ്ഞ പാഴ്മരങ്ങളുടെ നടുവിൽ പൂത്തുനില്ക്കുന്ന കൊന്നപോലെയായി. കാറുകൾ......തിരുമുഖം—അദ്ദേഹത്തിൻെറ ഭൂരിതേജസ്സായ (തേജസ്സേറിയ) മുഖം കാർമേഘങ്ങൾക്കിടയിലെ സൂര്യനെപ്പോലെയായി. ചൈത്യങ്ങൾ—ബൌദ്ധാലയങ്ങൾ. തന്നിവാസ=അവയിൽ നിവസിക്കുന്നവൾ, ജ്ഞാനമൂത്തി ബൌദ്ധഗ്രന്ഥപംക്തിതന്നെ, ജ്ഞാനമൂത്തി. നിർവ്വാണേച്ഛു=മോക്ഷമാഗ്രഹി

Digitized By Kerala Sahitya Akademi

മഞ്ഞളിമലമുതൽ നർമ്മദവരെയുള്ള
മന്നിട,മാര്യാവർത്ത,മന്നേ,ഴാം ശതാബ്ദത്തിൽ;
സൌഗതമതസ്ഥനാം സൽക്കവിഹർഷക്ഷ്മാപൻ
ജാഗരൂകനായ്ക്കാത്തു വാഴ്ത്തായിരുന്നിട്ടും,
ചെഞ്ചോര തെറിച്ചിരുന്നില്ലേപോല,തിൻ ധർമ്മ-
സഞ്ചയപ്പൂകളായ വെൺപട്ടിലങ്ങിങ്ങേശ്ശാ:
ധൃഷ്ടരാം ഹൂണന്മാർതൻ കൊള്ളയിൽക്കൊറെറാട്ടൊട്ടു
കിട്ടിയ ഹിംസച്ചേട്ട മുറുക്കിത്തുപ്പിപ്പോന്നാലും!

3. പുണ്യവിജ്ഞാനം തേടിബ്ബുദ്ധന്റെ നാട്ടിൽപ്പൂക
പണ്ഡിതൻ നരബലിക്കാക്കൊരു പശുവായി;

---

ക്കുന്നവൻ. ഏഴാം ശതാബ്ദത്തിൽ—ക്രിസ്തുവിനുപിമ്പ് ഏഴാം നൂററാണ്ടിൽ. സൌഗതമതസ്ഥൻ=ബുദ്ധമതക്കാരൻ. സൽക്കവി—നാഗാനന്ദനാടകാദി നിർമ്മാതാവ്. ഹർഷക്ഷ്മാപൻ=ഹർഷചക്രവർത്തി. ചെഞ്ചോര.......മുറുക്കിത്തുപ്പിപ്പോന്നാലും—അതിൻ (ആര്യാവർത്തത്തിന്റെ)—ധർമ്മസഞ്ചയത്തിന്റെ (ധർമ്മക്കൂമ്പാരത്തിന്റെ)പൂകളാകുന്ന. വെൺപട്ടിന്മേൽ (കീർത്തി വെളുത്തിട്ടാണെന്നു കവിസങ്കേതം.) അങ്ങിങ്ങായി ചോരതെറിച്ചിരുന്നു. കൂസലില്ലാത്ത ഹൂണന്മാരാൽ വധിക്കപ്പെട്ട മനുഷ്യരുടെ രക്തത്തെ, തീൻകഴിഞ്ഞു വെററിലമുറുക്കിയ ഹിംസയാകുന്ന ചേട്ട (അലക്ഷ്മി) തുപ്പിയ തുടുവെള്ളമെന്നുൽപ്രേക്ഷിച്ചിരിക്കുന്നു.

3. പണ്ഡിതൻപശുവായി—എന്തു വൈപരീത്യം. പശുശബ്ദത്തിനു വിദ്യാവിഹീനനെന്നും, ബലിമൃഗമെന്നും ര

Digitized By Kerala Sahitya Akademi

ചെന്തെച്ചിമലർമാലയൊന്നു തൽക്കണ്ഠേ വീണു-
ജന്ത്വസൃഗരുണമാമന്തകപാശംപോലെ!

അന്ധവിശ്വാസത്തിൻ ദുശ്ചേഷ്ടിതമിതു കണ്ടു
സന്ധ്യതൻ നെടുവീർപ്പാം കാററങ്ങു പെരുമാറി;

നീരിലങ്ങിങ്ങാകാശത്തട്ടു നിഴലിച്ചു,
ചോരചിന്നിയപോലായ്ത്തുടിച്ചു, ഗംഗാഹൃത്തും!

നിർജ്ജനം നദീതീരം, നിസ്സഹായനിപ്പാന്ഥൻ;
നിഷ്ഠുരരുടെ ഖഡ്ഗം കർമ്മവ്യാപൃതവുമായ്.

എങ്കിലെന്തു,ധീരന്റെ സൌമ്യമാം മുഖത്തില്ലാ
ശങ്കയോ, സംഭ്രാന്തിയോ, ദുഃഖമോ, ഭയപ്പാടോ!

അദ്രിപോലചലനായ്നിന്നു കണ്ണല്പമട-
ച്ചർത്ഥിച്ചാൻ നൃശംസർക്കു നന്മയെസ്സമചിത്തൻ:-

---

ത്ഥം. ജന്ത്വസൃഗരുണം=ജീവിജാലങ്ങളുടെ ചോരകൊണ്ടു ഇട്ടത്തതു്. അന്തകപാശം=കാലന്റെ കയർ. ആ ബുദ്ധഭിക്ഷുവിന്റെ കഴുത്തിൽ കൊലയാളികൾ ഒരു തെച്ചിമാലയിട്ടു; അതു്, ജന്തുക്കളുടെ ചോരകൊണ്ടു ഇട്ടത്ത കാലന്റെ കയർപോലെ തോന്നി. ബലിക്കു വെട്ടപ്പെടേണ്ടവനെ ചുകന്ന പൂമാലയിടുവിക്കും. അന്ധ........ദുശ്ചേഷ്ടിതം—നരബലികൊണ്ടു ദേവി പ്രസാദിക്കുമെന്ന അന്ധമായ വിശ്വാസം. കാററിനെ സന്ധ്യയുടെ നെടുവീർപ്പെന്നുൽപ്രേക്ഷിച്ചിരിക്കുന്നു. ഈ കഷ്ടം കൈക്കണ്ടു സന്ധ്യ നെടുവീർപ്പിട്ടു! ചോര..........ഗംഗാഹൃത്തും—ഗംഗയുടെ ഹൃദയം പൊട്ടി; ഹൃദയം പൊട്ടിയാൽ ചോര ചിന്നുമല്ലോ. കർമ്മവ്യാപൃതം=ജോലിയിൽ (തലവെട്ടലിൽ) ഏർപ്പെട്ടതു്. അദ്രി=പർവ്വതം. അചലൻ=അനങ്ങാത്തവൻ.

Digitized By Kerala Sahitya Akademi

"മൈത്രേയ ഭഗവാനേ, ശ്രീബോധിസത്വ, സ്വാമിൻ,
ചേർത്തുകൊള്ളട്ടേ മമ മരണമിപ്പാവങ്ങളെ,
പേർത്തിനിയത്തെജ്ജന്മത്തിലവിദ്യാന്ധക്കാരു
കൈത്തിരി കാട്ടാവൂ ഞാൻ ത്വൽകൃപ്രസാദത്താൽ."

4 ഏവമദ്ദേഹം ഭക്ത്യാ 'തുഷിത'സ്വർഗ്ഗത്തിങ്കൽ
മേവുമാ മഹർഷിയോടഭ്യർത്ഥനചെയ്കേ,
ദ്യോവിൽനിന്നൊരു കാററങ്ങൊ, ററിലെത്തരിമണ-
ലാവതില്ലാതാംവണ്ണം ചിന്നിച്ചു ചീററിപ്പാഞ്ഞു.
മൈത്രേയ പ്രഭാവത്തിൻ പൈതലക്കൊടുംകാററു
പാത്തലത്തിലേയ്ക്കാഞ്ഞു ചാടിയിട്ടെല്ലാടത്തും,

ബ്രഹ്മാണ്ഡമണമയംതന്നെയായ്ത്തോന്നുമാറു
വെണ്മണൽവാരിക്കോരിച്ചൊരിഞ്ഞു വിഹരിക്കേ,

---

ദ്യശംസർ=ക്രൂരർ. മൈത്രേയൻ — ഒരു ബോധിസത്വന്റെ പേർ. അവിദ്യാന്ധർ=അജ്ഞാനത്താൽ (ഇരുട്ടിനാലെന്നപോലെ) കണ്ണുകാണാതായിട്ടുള്ളവർ. അദ്ദേഹം സമചിത്തനായതുകൊണ്ടു് അജ്ഞാനികളോടു തട്ടിക്കയറാതെ, അടുത്ത ജന്മത്തിലെങ്കിലും അവരെ അജ്ഞാനത്തിൽനിന്നു കരകേററാൻ സാധിക്കട്ടെ എന്നു പ്രാർത്ഥിച്ചു.

4. 'തുഷിത' സ്വർഗ്ഗം — തുഷിതർ എന്ന ദേവകളുടെ സ്വർഗ്ഗം. അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഫലമായി, ആകാശത്തുനിന്നു പെട്ടെന്നു് ഒരു കൊടും കാററു ചീററിയടിച്ചു,



Digitized By Kerala Sahitya Akademi

കണ്ണിലും ചെവിയിലും മൂക്കിലും മണൽകേറി
മണ്ടിച്ചു പൊറുതി കെട്ടാതതായികളെല്ലാം

'വായുദേവതകളെക്കീഴടക്കിയ മഹാ-
നായ മാന്ത്രികനങ്ങുന്നിങ്ങു മാപ്പരുൾകെ'ന്നായ്

ആയുധം ദൂരത്തിട്ടപ്പശ്ശുവിൻ കാല്ക്കൽദ്ദണ്ഡ-
പ്രായമായ് വീണാരന്നേ തൊട്ടു നീതിയിൽ വാണാർ:

അവർതൻ ചേതസ്സിലെച്ചപ്പിലക്കൂട്ടം ചികെ-
ന്നകലപ്പറന്നുപോയ കാററിച്ചെന്നു വേണ്ടു!

---

നദീതീരത്തിലെ മണലെല്ലായിടത്തും പറപ്പിച്ചു. മൈത്രേയപ്രഭാവത്തിൻെറ കുട്ടിയാണ് (മൈത്രേയപ്രഭാവത്താൽ ഉൽപാദിപ്പിക്കപ്പെട്ടതാണ്) ആ കൊടുംകാററ്, കുട്ടികൾ മണൽവാരി കളിക്കുമല്ലോ. അണ്ഡജന്യമാണ് ബ്രഹ്മാണ്ഡമെന്നത്രേ ശാസ്ത്രസിദ്ധാന്തം. ആതതായികൾ=കൊലയാളികൾ. ഇങ്ങനെ കാററു വീശിച്ചതിനാൽ, ഇദ്ദേഹം വായുദേവതകളെ കീഴടക്കാൻ പോന്ന ഒരസാധാരണമാന്ത്രികനാണെന്നു കരുതി, കൊലയാളികൾ ആയുധം താഴെയിട്ടു അദ്ദേഹത്തിൻെറമുമ്പിൽ ദണ്ഡനമസ്കാരം ചെയ്തു. ചപ്പിലക്കൂട്ടം ചികെന്നകലെപ്പറന്നുപോയ്— അവരുടെ മനസ്സിൽ അടിഞ്ഞുകൂടിയിരുന്ന ചപ്പുചവറുകൾ ആ കാററത്തു പറന്നുപോയതിനാൽ അവർ അന്നുതൊട്ടു മര്യാദക്കാരുമായി. സജ്ജനസംസർഗ്ഗത്തിൻെറ മാഹാത്മ്യം!

---

Digitized By Kerala Sahitya Akademi

# ൯. ഒരു വിവാഹോത്സവം

(കാകളി)

‘ഇല്ല, കേട്ടില്ല പോർവട്ട’മെന്നു, ശിര-
സ്സെല്ലാം കുലുക്കി വിറയ്ക്കും കിഴവരും,
അമ്മിഞ്ഞ പിഞ്ചിളം ചുണ്ടാൽ നുകർന്നുകൊ-
ണ്ടമ്മതന്നങ്കേ കിടക്കും കിടാങ്ങളും,
കുട്ടിയെക്കങ്കണക്വാണഗാനത്തോടേ
തൊട്ടിലിലാട്ടും പുരന്ധ്രീജനങ്ങളും,
പാരിന്റെയുള്ളിൽനിന്നാഹാരമേന്തുവാൻ
പാടമുഴുതുന്ന കർഷകക്കൂട്ടരും;
നാനാവിധവ്യവസായപ്പുരകളിൽ
പ്രാണനെസ്സൂക്ഷിച്ചു കൈത്തൊഴിലാളരും;
ആരോഗ്യമൗഷധക്കുപ്പിയിലുൾച്ചേർക്ക-
മാതുരൻ വാണ ചികിത്സാലയങ്ങളും;

---

‘ഇല്ല, കേട്ടില്ല പോർവട്ട’മെന്നു്—കിഴവന്മാരുടെ തല വിലങ്ങത്തിൽ വിറയ്ക്കുന്നതു കണ്ടാൽ, പോർവട്ടം (യുദ്ധോദ്യമം) കേട്ടില്ലെന്നു കാണിയ്ക്കയാണെന്നു തോന്നും. കങ്കണക്വാണഗാനം =കൈവളകിലുക്കമാകുന്ന പാട്ടു്. പുരന്ധ്രീജനങ്ങൾ=കുടുംബിനികൾ. നാനാ...........ലാളരും—ഫാക്ടറിത്തൊഴിലാൽ ജീവിക്കുന്നവർ എന്നു ഭാവം. ദേവവേശ്മങ്ങൾ=ദേവാലയങ്ങൾ. ഭൂരി.......ഫലങ്ങൾ=വളരെവളരെ നൂറ്റാണ്ടുകളിലെ ചിന്തയുടെ ഫലങ്ങൾ; ശ്രേഷ്ഠഗ്രന്ഥങ്ങൾ. ലോകം.........എണ്ണ

Digitized By Kerala Sahitya Akademi

കോടികോടിപ്പണം കൊണ്ടു മഹാശില്പ-
മോടിയിൽത്തീർപ്പിച്ച ദേവവേശ്മങ്ങളും,
ഭൂരിശതാബ്ദവിചിന്താഫലങ്ങളെ-
ക്കോരിവിളമ്പിടും ഗ്രന്ഥഹർമ്മ്യങ്ങളും;
ലോകം ഭരിക്കുന്ന ശക്തിതൻ തൃക്കളി-
പ്പൊയ്കകളെന്നോണമെണ്ണത്തളങ്ങളും;
നാടകംതോറും മനുഷ്യർക്കു ജീവിത
നാഡികളാകിയ വെള്ളക്കുഴൽകളും;
വന്മുതൽ പൂഴ്ന്നുകിടക്കും ഖനികളു-
മുന്മിഷത്സസ്യങ്ങളാം വയൽകളും;
സ്വർന്നഗരത്തെയ്ക്കുയർന്ന സൌധങ്ങളും;
ദുർന്നരകത്തെയ്ക്കു ചാഞ്ഞ കുടിൽകളും—
എപ്പേരു, മെന്തുമൊന്നേ,ങ്ങും ദഹിക്കുന്നു
ദുഷ്ടത്വത്തിൻ പരാക്രമജ്വാലയാൽ.
നിശ്ശൂന്യമായ മരുപ്പരപ്പിങ്കലോ
വിശ്രമം കാണ്മു നീ സാമ്രാജ്യദാഹമേ?

---

ത്തളങ്ങളും—എണ്ണത്തളങ്ങളെ ലോകം ഭരിക്കുന്ന ശക്തിയുടെ തൃക്കളിപ്പൊയ്കകളായി കല്പിച്ചിരിക്കുന്നു. ഉന്മിഷത്സസ്യങ്ങൾ =സസ്യങ്ങൾ മുളയ്ക്കുന്ന. സ്വർന്നഗരം=സ്വർഗ്ഗമാകുന്ന നഗരം. ദുർന്നി....കളും—ദാരിദ്ര്യരോഗാദികളാൽ നരകയാതനയനുഭവിക്കുന്ന ചെറ്റപ്പുരകൾ. മേല്പറഞ്ഞവയൊക്കെ, ഒന്നുപോലെ ദുഷ്ടത്വത്തിന്റെ പരാക്രമത്തീയിൽ വെന്തടിയുന്നുണ്ട്. ഇതു കണ്ടാൽ, സാമ്രാജ്യദാഹത്തിന്നു ശാന്തിവരിക മരുഭൂമിയിലാണെന്നു തോന്നും. മരുഭൂമിയിൽ എങ്ങിനെ ദാഹം തീരും?

Digitized By Kerala Sahitya Akademi

## II

നൂനം പ്രകൃതിയെക്കീഴടക്കിയെന്നഭി-
മാനിച്ചു വിശ്വം മുടിയ്ക്കും വിദഗ്ദ്ധരേ,
തെല്ലുമൊന്നോർക്കാതിരിയ്ക്കപ്പുറപ്പെട്ടും
വെള്ളക്കയറ്റമോ, മന്നിൻകലുക്കമോ;
അഗ്നിശൈലത്തിൻ പിളർപ്പോ തടുക്കുവാൻ
ശക്തമോ, നിങ്ങൾതൻ വിജ്ഞാനവൈഭവം?
നീതി വിധിച്ചതാണാ, ർത്താവനത്തിനും
മാതൃഭൂരക്ഷയ്ക്കുമായുധധാരണം;
ഭ്രാതൃരാജ്യങ്ങളെല്ലാമമ്മാ വെടിവെയ്ക്കു-
ലേതു തട്ടിപ്പറിയ്ക്കു സൂത്രത്തിലുള്ളതോ!
വാനിൽപ്പറക്കാൻ ചിറകുകൾ കിട്ടിയ
മാനുഷവീരർതൻ കൊള്ളകൾ കണ്ടയാൽ,
ശർവ്വരീദേവി പുറത്തെടുക്കില്ല, തൻ-
ദിവ്യരത്നങ്ങളെ മേലിലെന്നും വരാം!

---

## II

സകലവസ്തുക്കളെയും ബോംബിട്ടുംമറ്റും വെണ്ണീറാക്കുന്ന ഈ വിദഗ്ദ്ധരുടെ അഭിമാനം, പ്രകൃതിയെ കീഴടക്കിയിരിയ്ക്കുന്നു എന്നാണല്ലൊ; എന്നാൽ ഇവർക്ക് യാദൃച്ഛികമായ ഒരു വെള്ളപ്പൊക്കത്തെയോ ഭൂകമ്പത്തെയോ അഗ്നിപർവ്വതം പൊട്ടിത്തെറിയ്ക്കുന്നതിനെയോ തടുക്കാൻ കഴിവുണ്ടോ! തങ്ങളുടെ വിജ്ഞാനം ലോകത്തിനുപകാരപ്രദമാക്കണമെന്നു ഇവർക്ക് വിചാരമില്ല. ആർത്താവനം = വലഞ്ഞവരെ രക്ഷിയ്ക്കൽ. ഭ്രാതൃ

Digitized By Kerala Sahitya Akademi

നേതൃപദത്തിൽസ്സുഖേന വാണു ചില-
രേതും വിഴുങ്ങുമസ്സ്വാർത്ഥപ്പിശാചിനെ
പ്രീതിപ്പെടുത്താൻ കരുതിക്കൊടുക്കുന്നു,
സാധുനാട്ടാരുടെ ജീവരക്തങ്ങളാൽ!

കാമിപ്പവരല്ല സോദരഹത്യയെ,-
ക്കോയ്മപ്പടക്കളെ, നിങ്ങൾ തന്നാളുകൾ;
പാരിച്ച ദാസ്യമാറാപ്പു മുതുകത്തു
പേറേണ്ടിവന്ന പൊതിക്കുന്നുകളവർ!

## III

നിന്നുള്ളിലെ വിഷത്തിനു തന്നെ പോരെയോ
മന്നാകെ ഭക്ഷവാൻ മാനുഷ സർപ്പമേ?

---

രാജ്യങ്ങൾ=സഹോദരരാജ്യങ്ങൾ. തട്ടിപ്പറിശ്ശാസ്ത്രം—ഇതു സാധാരണ ശാസ്ത്രത്തിൽപ്പെട്ടതല്ലെന്നു്. ചിറകുകൾ—വിമാനം. ശർവരീദേവി=രാത്രി. ദിവ്യരത്നങ്ങൾ=നക്ഷത്രങ്ങൾ. അത്ര ദയന്മാരും തട്ടിപ്പറിക്കാത്തമാണിവർ! നേതൃ... ......ജീവരക്തങ്ങളാൽ—നേതൃസ്ഥാനത്തു കയറിയിരിക്കുന്ന ചിലർ സ്വാർത്ഥപ്പിശാചിനെ പ്രീതിപ്പെടുത്താൻ സാധുക്കളായ നാട്ടുകാരുടെ ജീവരക്തം കരുതിയാക്കുന്നു. കോയ്മപ്പടക്കൾ=സാമ്രാജ്യപ്പടക്കൾ. കാമി...... തന്നാളുകൾ—സാധാരണ അന്യനാട്ടുകാർ സഹോദരരാണു്, അവരെ കൊല്ലണമെന്നാഗ്രഹമില്ല. പാരിച്ച....... കുന്നുകളവർ—നിങ്ങളുടെ ആജ്ഞയാൽ അവർ പൊതിക്കുന്നുകൾപോലെ ദാസ്യ (പട്ടാള) മാറാപ്പു മുതുകത്തു ചുമക്കുന്നു എന്നുമാത്രം. അവർ ഗത്യന്തരമില്ലായ്കയാലാണു്, യുദ്ധം ചെയ്യുന്നതു്.

III

നിന്നുള്ളിലെ...... പാഴ്പ്പോലവല്ലയോ—മനുഷ്യരുടെ ഉള്ളിൽത്തന്നെ ധാരാളം വിഷമുള്ള സ്ഥിതിക്കു, പുറംവിഷങ്ങൾ വി

Digitized By Kerala Sahitya Akademi

പിന്നെയെന്തിന്നു നീ ബാഹ്യമാകും വിഷം
ചിന്തിയ്ക്കുവതു,തു പാഴെച്ചവല്ലയോ?
എങ്ങിനെയെങ്കിലും നേടിടേണം ജയ-
മെന്നോ ഭവാൻെറ രണസ്മൃതി-ലോഭമേ?
എങ്കിൽ, വിവാഹം നടക്കട്ടെ നിർവിഘ്ന-
മജയുമജ്ജയലക്ഷ്മിയും തങ്ങളിൽ:

പട്ടുമേലാപ്പിതാ, വാനമടച്ചി,ടം-
പെട്ടൊപീരങ്കിതൻ ധൂമപ്പടപ്പിനാൽ;
ഭൂതലം നീളെ മെഴുകിയിരിയ്ക്കുന്നു,
യോധർതൻ ഘോരമാം കങ്കമച്ചാറിനാൽ;

സ്വാധിതക്രവ്യാദർക്കതശവങ്ങളാം ത-
ന്നന്ധിവൃങ്ങളായ വെൺപൂവുകൾ
നന്നായ് വിരിച്ചുമിരിപ്പൂ; ഘ്നശംസത-
മെന്ന പുരോഹിതൻ കർമ്മസമാഹിതൻ

പൂക്കളിർച്ചെണ്ടുകൾ പോലുണ്ടതാതിടം,
തോക്കുണ്ട തട്ടിത്തെറിച്ചു പോർത്തൊപ്പികൾ;

---

ഷാണക്കളും മററും)ഉപയോഗിയ്ക്കുന്നതു്, ഒരനാവശ്യച്ചെലവല്ലേ? രണസ്മൃതി=യുദ്ധധർമ്മശാസ്ത്രം. ലോഭം=ദുര. എങ്കിൽ തങ്ങളിൽ— എങ്ങിനെയെങ്കിലും ജയം നേടണമെന്നാണു്, നിൻെറ ധർമ്മശാസ്ത്രമെങ്കിൽ താങ്കളും ജയലക്ഷ്മിയും തമ്മിലുള്ള വിവാഹം തടസ്സമില്ലാതെ നടന്നുകൊള്ളട്ടെ. വിവാഹവിഭവങ്ങളെ വിവരിയ്ക്കുന്നു: വാനമടച്ച്=ആകാശംമുഴുവൻ. ഇടംപെട്ട=വിശാലമായ. ധൂമപ്പടപ്പിനെ പട്ടുമേലാപ്പാക്കി കല്പിച്ചിരിയ്ക്കുന്നു. കല്യാണപ്പന്തൽ തെയ്യാറായിക്കഴിഞ്ഞു. ഭൂ

Digitized By Kerala Sahitya Akademi

– കന്ദത്തിനോടാ,ങ്ങളയോടു, കണവനോ-
ടഞ്ജസാ വേർപെട്ട മാലാണ്ട മങ്കമാർ
നെഞ്ഞത്തടിച്ചു നിലവിളിയ്ക്കുന്നതാം
മഞ്ജുമൃദംഗവാദ്യാനചിതഗീതിയും,
ഗാത്രഭംഗങ്ങളാൽക്കേഴും ഭടരുടെ
നേത്രത്തിൽനിന്നു പനിനീർപൊഴിയ്ക്കലും,
പെട്ടെന്നു തീയുണ്ട വീണകത്തും പല-
കെട്ടിടത്തിൻെറ വെടിക്കെട്ടുവേലയും,

---

തലം=നിലം. യോധർ=പടയാളികൾ. സുസ്ഥിതക്രവ്യാദക്ത ശവങ്ങൾ=സുഖംലഭിച്ച (പരുന്തുകൾ മുതലായ) മാംസഭോജികൾ തിന്ന ശവങ്ങൾ. ക്രൂരസത്വം–ക്രൂരത്വം. കർമ്മസമാഹിതൻ=ക്രിയയിൽ ശ്രദ്ധയുള്ളവൻ. പൌരോഹിത്യത്തിനു ക്രൂരത്വമെന്നവൻതന്നെ. പൂക്കളിർ..........പോർതൊപ്പികൾ =ഭടന്മാരുടെ തൊപ്പികൾ. മഞ്ജു........ഗീതയും=മനോഹരമായ മൃദംഗവാദ്യത്തോടുകൂടിയ പാട്ട്. കുഞ്ഞുങ്ങൾ, സഹോദരന്മാർ, ഭർത്താവ് എന്നിവരോടു പെട്ടെന്നു വേർപെട്ട ദുഃഖത്തിലാണ്ട സ്ത്രീകൾ നെഞ്ഞത്തടിച്ചു നിലവിളിയ്ക്കുകയാകുന്ന മനോഹരമൃദംഗവാദ്യത്തോടുകൂടിയ പാട്ടുമുണ്ട്. നെഞ്ഞത്തടിയെ മൃദംഗവാദ്യമായും നിലവിളിയെ ഗാനമായും രൂപണം ചെയ്തിരിയ്ക്കുന്നു. ഗാത്രഭംഗങ്ങളാൽ (ശരീരത്തിലെ ചതവുകളും മറവും)നിമിത്തം നൊന്തുകരയുന്ന പടയാളികൾ കണ്ണീർകൊണ്ടു പനിനീർ തളിയ്ക്കുന്നുണ്ട്, പെട്ടെന്ന ......വേലയും — തീപിടിയ്ക്കുന്നതിന്നിടയ്ക്കു ചില പൊട്ടലും ചീറലും മറ്റും കേൾക്കുന്നതിനെ വെടിക്കെട്ടായി കല്പിച്ചിരിയ്ക്കുന്നു. പിണസ്സദ്യ=ശവംകൊണ്ടുള്ള സദ്യ. ഗൃധ്ര ......കാകികൾ–കഴുകൻ

Digitized By Kerala Sahitya Akademi

പുത്തൻപിന്നസ്സദ്യകൊണ്ടുദ്ദീപ്തരാം
ഗൃധ്രശൃഗാലകശ്യേനകാകാദികൾ
മത്തരായ്ച്ചൊല്ലുന്ന മംഗളാശംസയും—
എത്ര കേമം ഹാ, ശവവിവാഹോത്സവം!

---

കുറുക്കൻ, പരുന്ത്, കാക്ക മുതലായവ. മത്തരായ്—തിമർത്ത്. അവയുടെ പലവിധത്തിലുള്ള ശബ്ദങ്ങളെ വിവാഹമംഗളാശംസയായി കല്പിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഒരു വിവാഹത്തിനുവേണ്ടുന്ന എല്ലാ ഏർപ്പാടുകളും ശരിയായിട്ടുണ്ട്. ഇങ്ങനെയുള്ള ഈ വിവാഹം എത്രകേമം എന്നു ധാർമ്മികമായ പരിഹാസം.

Digitized By Kerala Sahitya Akademi

# ൫൦. പെററമ്മേ, പ്രസീദ!

(കേക)

1. ഇരിമ്പുരുപ്പച്ചൊക്കം കരിങ്കൽക്കഷണങ്ങൾ
നിറച്ചുപ്പെട്ടുള്ളോരു വണ്ടിയാ നിരത്തിന്മേൽ,
രണ്ടു കാളകളുടെ—വീർപ്പുനിന്നിട്ടില്ലാത്ത
രണ്ടസ്ഥിക്കൂടത്തിന്റെ— പിന്നിലായ് നീന്തീ മന്ദം.
അസ്സാധുമൃഗങ്ങൾതൻ വായിൽനിന്നാ,ത്താവിങ്കൽ-
ദ്ദുസ്സഹമോളംതല്ലും ഗ്ലാനിതൻ പതകളും,
അശ്രാന്തവൈവർണ്ണ്യങ്ങളായ കണ്ണുകളിൽനി-
ന്നശ്രുതോയവുമൊലിച്ചിരുന്നു, ശാന്തം പാപം!
പൊങ്ങിയും താണും ക്രന്ദം നിവൃത്താ ധുരീണന്റെ-
മങ്ങിനൊടിഴഞ്ഞുപോം മൂടിയില്ലാത്താ വണ്ടി,

---

1. ഇരിമ്പു..............കഷണങ്ങൾ — ഇരിമ്പുകൊണ്ടുണ്ടാക്കിയ ഉരപ്പിക പോലെ വട്ടത്തിലുള്ള കരിങ്കൽക്കഷണങ്ങൾ. വീർപ്പുനിന്നിട്ടില്ലാത്ത — മരിച്ചിട്ടില്ലെന്നേയുള്ളൂ; അത്രയധികം ക്ഷീണിച്ചു വലഞ്ഞിരിക്കുന്നു. നീന്തീ മന്ദം — വണ്ടിയുടെ പോക്ക് അത്രയധികം പതുക്കെയായിരുന്നു. ഗ്ലാനി=വാട്ടം. ഓളം തല്ലും എന്ന വിശേഷണം ഗ്ലാനി ഒരു നദിപോലെ പരന്നതാണെന്നു ധ്വനിപ്പിക്കുന്നു. അശ്രാന്തവൈവർണ്ണ്യങ്ങൾ=തുടരെത്തുടരെ നിറംകെട്ടവ. അശ്രുതോയം=കണ്ണീർ. ധുരീണർ— വണ്ടിക്കാർ. വണ്ടിയുടെ ചക്രധ്വാനം (കെടകെടശ്ശബ്ദം)കേ-

Digitized By Kerala Sahitya Akademi

തന്നുടെ ധുരീണർതൻ ജീവിതയാത്രാമാർഗ്ഗ-
ത്തിന്നുള്ള വൈഷമ്യത്തെഘോഷിച്ചു ചക്രധ്വാനാൽ.

ആ മലവെള്ളച്ചാൽപോലുള്ള പാതയിലങ്ങി-
ങ്ങാമയെപ്പോലെ പൊന്തിക്കിടന്ന പാറത്തുണ്ടം,

വണ്ടിവട്ടിരിമ്പുപുറവുദ്ഗാഢമുരസുക-
കൊണ്ടതിക്രോധാലെന്നപോലവേ തീ പാളിച്ചു.

അരിശംകൊണ്ടെന്തുള്ളു, പാന്ഥർതൻ പാദങ്ങളെ-
പ്പുരുനോവേകി മുറിപ്പെടുത്തും കാർക്കശ്യമേ?

ഇങ്ങാർക്ക് ദയ നിങ്കൽച്ചട്ടയൊന്നിടുവിപ്പാ-
ന്?- ചെലിയർ ഞെരിഞ്ഞരഞ്ഞമരണം മഹാപാപി നീ!

---

ട്ടാൽ, അതു വണ്ടിക്കാരുടെ ജീവിതയാത്രയുടെ മാർഗ്ഗത്തിലുള്ള വൈഷമ്യത്തെ ഘോഷിക്കുകയാണെന്നുതോന്നും. ആമയെപ്പോലെ......പാറത്തുണ്ടം—മീതെയുണ്ടായിരുന്ന മണ്ണുപോയതിനാലാണ്, പാറക്കഷ്ണം വെളിപ്പെട്ടത്; വെള്ളച്ചാലിൽ ആമയുണ്ടാകാമല്ലോ. വട്ട്=ചക്രം ഉദ്ഗാഢം—അമർത്ത്, വണ്ടിച്ചക്രങ്ങളുടെ ഇരിമ്പുപുറവ് ആ പാറത്തുണ്ടത്തിന്മേൽ വല്ലാതെ ഉരസിയപ്പോൾ, അരിശംമൂത്തിട്ടെന്നപോലെ അതു തീ പാളിച്ചു ഇരിമ്പും കല്ലും കൂട്ടിയുരസിയാൽ തീ പുറപ്പെടുമല്ലോ. ഈ ക്രോധം നിഷ്ഫലമാണെന്ന്: വഴിയാത്രക്കാരുടെ കാലിനെ മുറിപ്പെടുത്തുന്ന മഹാപാപിയായ പരുക്കൻ കാർക്കശ്യത്തോട് (കടുംകല്ലിനോട്) ആർക്കനുകമ്പയുണ്ടാവും? നീ ചതഞ്ഞരയണമെന്നേ എല്ലാവരും പ്രാർത്ഥിക്കൂ. ചട്ട—മണ്ണ് എന്നർത്ഥം.

Digitized By Kerala Sahitya Akademi

2. നാലുകാളകൾവേണം, കൽവണ്ടിയിതു നീക്കാൻ;
സ്ഥൂലമാം പശിയാലും ക്ലാന്തമിപ്പശുയുഗ്മം;
കാലത്തേ തുടങ്ങീതുമാവാമിപ്പണി; ഹാ ഹാ,
കാലിടറുന്നൊരു കാലി വീഴ്കതാൻ ചെയ്തു മാർഗ്ഗേ!
ഭുവിലേയ്ക്കുടൻ ചാടിയിറങ്ങി,യകത്തട്ടിൻ
മേൽവശത്തിരുന്നാ,രോ ധൂമ്രനൂൽച്ചുരുളിനെ
വായ്‌വീടിത്തലപ്പിൽനിന്ന,പ്പൊഴേ തുറക്കാൻപോം
രാവിരുൾക്കടയിലെയ്ക്കയയ്ക്കും വണ്ടിക്കാരൻ:
തൻതലപ്പാവാം കീറമുണ്ടഴിച്ചരക്കെട്ടിൽ-
ബ്ബന്ധിച്ചു, ഹിംസയ്ക്കായിക്കച്ചകെട്ടിയ കശ്മലൻ

---

2. സ്ഥൂലം=തടിച്ചതു് (വർദ്ധിച്ചതു്) പശി=വിശപ്പ് ക്ലാന്തം=തളർന്നതു്. പശുയുഗ്മം=രണ്ടു നാല്ക്കാലികൾ. ധൂമ്രനൂൽച്ചുരുളിനെ..........,വണ്ടിക്കാരൻ–വണ്ടിക്കാരൻ ബീഡിവലിച്ചു ആകാശത്തെയ്ക്കു പുകവിട്ടിരുന്നതു, നൂൽച്ചുരുളിനെ അപ്പോൾ തുറക്കാൻപോകുന്ന (അടുത്തുവരുന്ന) രാവിന്റെ ഇരുൾക്കടയിലെയ്ക്കയയ്ക്കുന്നതായി കല്പിച്ചിരിക്കുന്നു. കീറമുണ്ടു് അരയിൽകെട്ടിയതു ഹിംസയ്ക്കു കച്ചകെട്ടലാണ്! കശ്മലൻ=ദുഷ്ടൻ. വീണിടി.........മുടിങ്കോലാൽ—അയാൾ ആ മിണ്ടാപ്രാണിയെ പൊതിരെത്തല്ലിയതിനെ വിവരിക്കാൻ ആളാവാതെ അനുകമ്പാർദ്രനായ കവി അർദ്ധോക്തിയിൽ വിരമിക്കുന്നു. കാണുകി.......കൃഷിനാടേ—നൂററിൽ എണ്പത്തഞ്ചുവീതം ആളുകൾ കൃഷികൊണ്ടു് ജീവിക്കുന്ന ഈ രാജ്യത്തിലെ ഗോരക്ഷ ഇമ്മട്ടിലാണ്! കള്ളമൂരി—കാളവീണതു കള്ളത്തരത്താലാണെന്നായിരുന്നു വണ്ടിക്കാരന്റെ അഭിപ്രായം തച്ഛിലാഖണ്ഡങ്ങൾ=ആ

Digitized By Kerala Sahitya Akademi

വീണിടത്തിട്ടാ മിണ്ടാപ്രാണിയെ മുടിങ്കോലാൽ—
ക്കാണുകിമ്മട്ടായ്പ്പോയ്, നിൻഗോരക്ഷ കൃഷിനാടേ!
തല്ലിയും ചവുട്ടിയും കുത്തിയും കടിച്ചുമ-
ക്കള്ളക്കൂരിയെയവൻ കൊല്ലാതെ കൊല്ലുംനേരം
കിളർന്നു തെളിബാഷ്പം തച്ഛിലാഖണ്ഡങ്ങൾക്കും,
തളന്ന രവിരശ്മി പതിഞ്ഞ വെള്ളകളിൽ!
ആരുടെ നെട്ടയത്നമാ പ്രഹർത്താവിൻമെയ്യിൽ-
ച്ചോരയൊട്ടോടിച്ചിതോ, മാംസമൊട്ടൊട്ടിച്ചിതോ,
അക്കാളക്കിഴവന്റെയല്പശേഷമാം രക്തം
നിഗ്ഗളിച്ചു,യാൾ തൻ കോൽകൃതഘ്നച്ചെങ്കോലാക്കി!
ആരക്തമൊരു ചാലക്കുറുമ്പനെരുതിന്റെ
വാലിമേലുണ്ടാവുന്നു മുടിങ്കോൽപ്രഹരത്താൽ;

---

(വണ്ടിയിലെ) കരിങ്കല്ലിൻകഷ്ണങ്ങൾ—തളന്ന രവിരശ്മി—സന്ധ്യാസൂര്യന്റെ രശ്മി. അസ്തമയസൂര്യന്റെ രശ്മി വെള്ളകളിൽ പതിഞ്ഞപ്പോൾ ആ കരിങ്കല്ലിൻകഷ്ണങ്ങളിൽ കണ്ട തിളക്കം ഈ ഘോരകൃത്യം കണ്ടിട്ട് അവയ്ക്കു കണ്ണീർ കിളർന്നതാണെന്നു കവിയ്ക്കു തോന്നി. കല്ലും കരയുന്ന ഒരു കടുംദ്രോഹമായിരുന്നു, അത്. പ്രഹർത്താവ്=പ്രഹരിച്ചവൻ. ആരുടെ ........മാംസമൊട്ടൊട്ടിച്ചിതോ—ആ കാളയുടെ ഇളവില്ലാത്ത പ്രയത്നം കൊണ്ടാണല്ലോ അയാൾ ഉപജീവനം കഴിച്ചുപോന്നതു്. അക്കാള........ച്ചെങ്കോലാക്കി=ആ കിഴവൻകാളയുടെ ദേഹത്തിൽ ബാക്കിയുണ്ടായിരുന്ന അല്പമായ രക്തം പുരണ്ട്, അയാളുടെ മുടിങ്കോൽ കൃതഘ്നതയുടെ ചെങ്കോലായി. അയാൾ കൃതഘ്നരുടെ രാജാവായി! ചോരയൊലിക്കുന്നതുവരെ അയാ

Digitized By Kerala Sahitya Akademi

ആരിതിൻ ഛായാഗ്രാഹി: പശ്ചിമദിക്കിൽക്കാണായ്,
വാരിമേൽസ്സന്ധ്യാരാഗരേഖ ചേൎന്നൊരുമേഘം!

3. പണ്ടൊരു പശുക്കിടാവുഴന്നു വലഞ്ഞതു
കണ്ടിട്ടു കണ്ണീർവാൎത്ത വിൺപയ്യിന്നിതു കണ്ടാൽ
ചോരതാനൊലിയ്ക്കില്ലേ കണ്ണിൽനിന്നോ?—ഹാ ജീവ-
കാരുണ്യപ്പെരുമാൾതൻ പെററമ്മേ, പ്രസീദ നീ!

---

ൾ കാളയെത്തല്ലി. ആരക്തം-ചുവന്നതു്. എരുതു്=കാള. ഛായാഗ്രാഹി=ഛായ എടുക്കുന്നവൻ(ഫോട്ടോഗ്രാഫർ). പടിഞ്ഞാറേദിക്കിൽ കണ്ട സന്ധ്യാരാഗരേഖ(അന്തിച്ചുവപ്പിൻവര) ചേൎന്ന മേഘം ഈ കാളയുടെ ഛായയാണെന്നു തോന്നി. അടികൊണ്ടു ചുകപ്പുവരചേൎന്ന കാളയും സന്ധ്യാരാഗരേഖചേൎന്ന മേഘവും തമ്മിലുള്ള സാമ്യം സ്പഷ്ടം.

3. വിൺപയ്യ്=കാമധേനു. ഇങ്ങിനെ ഒരിതിഹാസമുണ്ടു്.

ജീവകാരുണ്യപ്പെരുമാൾ—ബുദ്ധൻ.

Digitized By Kerala Sahitya Akademi

# ൧൧. ഇന്നത്തെ നിഘണ്ടുവിൽ

(കാകളി)

1. സംഹാരശക്തിയാൽ ഞെട്ടിവിറപ്പിച്ച
സിംഹത്തെയൂർജ്ജിതരാട്ടിയോടിയ്ക്കവേ.
ദാർഷ്ട്യാൽ തലപൊക്കി 'മേമേ' 'വിളിയ്ക്കയായ്
മേട്ടിൽപ്പതുങ്ങിക്കിടക്കുന്ന കാട്ടാടുകൾ;
പാമ്പിനെദ്ധീരർ പണിപ്പെട്ടു കററവേ
വീമ്പടുത്താക്കാൻ തുടങ്ങി മേക്കാച്ചികൾ!

2. ഒന്നരന്നൂററാണ്ടുകാലം വിദേശ്യാജ്ഞെ
സന്നതരായ്ച്ചൂടിനിന്ന സാമന്തരേ,

---

1. സിംഹത്തെ=ബ്രിട്ടീഷ് സാമ്രാജ്യത്തെ. ഊർജ്ജിതർ=ഊർജ്ജസ്വലർ; ത്യാഗശീലരായ ഭാരതനേതാക്കൾ. കാട്ടാടുകൾ—കീഴ്‌രാജാക്കന്മാർ. മേമേ—ആടിൻ ശബ്ദത്തിന്റെ അനുകരണം. എനിയ്ക്കു്, എനിയ്ക്കു് എന്നും. മേക്കാച്ചികൾ=തവളകൾ. ബ്രിട്ടീഷാധിപത്യത്തെ അകററിക്കഴിഞ്ഞപ്പോൾ, കീഴ്‌രാജാക്കന്മാർ മുച്ചെട്ടുത്തു നില്ക്കുകയായി

2. ചില നാട്ടുരാജ്യങ്ങൾ, അവ സ്വതന്ത്രങ്ങളാണെന്നു പ്രഖ്യാപിയ്ക്കുകയുണ്ടായല്ലോ. ശീമപ്പണിത്തരച്ചങ്ങലക്കെട്ടു്—ബ്രിട്ടനിൽ നിർമ്മിച്ച ചങ്ങലകൊണ്ടുള്ള കെട്ടു്; ബ്രിട്ടനു കീഴടങ്ങിയ നില. ഇവരെ വിദേശീയദാസ്യത്തിൽനിന്നു പണി

Digitized By Kerala Sahitya Akademi

ഇന്നലെയോളവുമെങ്ങായിരുന്നു ചൊ-
ല്ലി,ന്നിങ്ങൾതൻ തനിസ്വാതന്ത്ര്യഘോഷണം?
ശീമപ്പുന്നിത്തരച്ചങ്ങലക്കെട്ടിൽ നി-
ന്നീ മാന്യരെയെവർ വേർപെടുത്തിയോ,
അത്തീവ്രയത്നരിവർക്കിന്നവജ്ഞാർഹ-
രെ;-ത്ര ചിത്രം, നിൻ ചരിത്രം കൃതഘ്നതേ!
ഇമ്മഹാഭാഗർതൻ ദിവ്യരക്തോജ്ജ്വല-
പ്പൊന്നോതിരമിട്ട കൈകൾക്കനാരതം
അമ്മറുക്കോയ്മതൻ കാൽത്തലോടാം, തൊഴാം;-
മമ്മയെപ്പൂജിയ്ക്ക പോരായ്മയാണുപോൽ!

3. ക്ഷോണിയെത്താങ്ങും ഫണീന്ദ്രന്റെ വംശജ-
രാണുപോൽ, പുല്ലിൽപ്പതിഞ്ഞ ഞാഞ്ഞൂളുകൾ;
താരങ്ങൾതൻ തറവാട്ടുകാരാണുപോൽ,
പാറിപ്പറക്കുന്ന മിന്നാമിനുങ്ങുകൾ!

---

പ്പെട്ടു വേർപെടുത്തിയവരിൽ ഇവർക്കു ബഹുമാനമല്ല, അവജ്ഞയാണുള്ളത്; എന്തൊരു കൃതഘ്നത! ഇമ്മഹാഭാഗർ...... പോരായ്മയാണുപോൽ—ഇവർക്കു മറുനാടൻ സാമ്രാജ്യത്തിന്റെ കാൽ തലോടുക സമ്മതമാണ്. അമ്മയെ പൂജിയ്ക്കുക—ഭാരതമാതാവിനെ ആരാധിയ്ക്കുക—കുറച്ചിലാണത്രേ! ഭാരതത്തിലെ ഒരു സാധാരണ പൌരനായിരുന്നാൽപോരാ എന്നാണ്, ഇവരുടെ ഭാവം.

3. ഫണീന്ദ്രന്റെ=അനന്തന്റെ, വംശജർ=വംശത്തിൽപ്പെട്ടവർ. ഇവർ സ്വവംശമഹിമയും മറ്റും ഘോഷിക്കുന്നു.

Digitized By Kerala Sahitya Akademi

4. മേലിലിക്കീഴ്ന്നർ പൂണ്ണാധികാരർപോൽ
മൌലിയിൽ സ്വേച്ഛാധിപത്യം വഹിയ്ക്കുവാൻ,
നാലുഭാഗത്തിലും മാമൂൽ നടാൻ, ദീന-
പാലനവ്യഗ്രരെപ്പാഴ്ത്തുറുങ്കിലിടാൻ;
ബാലവൃദ്ധാദ്യരെപ്പോലും കരിക്കഴി-
വേലയ്ക്കു നിർത്താൻ, പടയ്ക്കുമയയ്ക്കുവാൻ,
വേലികെട്ടിന്നും നികുതി പതിയ്ക്കുവാൻ,
ചെവലിന്നും കാററിന്നും ചുങ്കം ചുമത്തുവാൻ!
നാട്ടാരുടെയല്ല, 'നാടെ,ൻറയാണെ'ന്ന
നാട്യത്തൊടും തെളിയുന്ന രാജത്വമേ,
തൃക്കിരീടത്തിൻ കടുത്ത കനം ഞെക്കി
ഞെക്കിഞെരിച്ചതോ, നിൻ തലച്ചോറിനെ?

5. പാവനത്യാഗരാം നേതാക്കൾ പാട്ടപെ-
ട്ടേവർക്കുവേണ്ടിയോ നേടീ വിമുക്തിയെ,
ആ നാല്പതുകോടിയാളുകളിൽപ്പെട്ടും,
ഹേ നാട്ടുവാഴിപ്രഭുക്കളേ, നിങ്ങളും.

---

4. ഇവരുടെ നാട്ടുവാഴ്ചയാലുള്ള കെടുതികളെ ഓരോന്നായി വിവരിച്ചിരിയ്ക്കുന്നു. തൃക്കിരീട...... തലച്ചോറിനെ—തലച്ചോറിന്നു് വലിയ ക്ഷതവുപററാതെ "നാടു് എൻെറയാണു് നാട്ടുകാരുടെയല്ല" എന്നു തെളിയാൻ തോന്നില്ലല്ലോ.

5. പാവനത്യാഗർ=പരിശുദ്ധമായ ത്യാഗത്തോടുകൂടിയവർ. നാല്പതുകോടി ആളുകളിൽപ്പെട്ടവർതന്നെയാണു് നാട്ടുരാജാക്കന്മാരും എന്നു് വിഭൂതി=ഐശ്വര്യം. സ്വാതന്ത്ര്യ

Digitized By Kerala Sahitya Akademi

പൂതപ്രഭാവരാം പുത്രർതൻ ചെയ്തിയാൽ
മാതൃഭൂവിന്നു ലഭിച്ച വിഭൂതിയെ
പ്രീതിപൂണ്ടൊപ്പം ഭുജിയ്ക്കാം; ദുരാശയാൽ
വീതിച്ചെടുക്കാൻ വഴക്കടിയ്ക്കായ്ക നാം

6. ആലംബമെന്നു പറഞ്ഞോരാം നിങ്ങൾക്ക,
മേലാളിമാരായ് നിവർന്നില്ലാനിനി:
മാലോകർതന്ന ചെങ്കോലവരെത്തരം
പോലിട്ടടിച്ചിട്ടൊടിഞ്ഞുപോയില്ലയോ?
ശാസ്ത്രജ്ഞർ പൂർവം പ്രതിഷ്ഠിച്ച ഭൂപർതൻ
ഗോത്രജരെങ്കിലി,സ്സിംഹാസനങ്ങളിൽ
പേർത്തുമനങ്ങാതിരുന്നു കൊൾവിൻ സുഖം,
ക്ഷേത്രപീഠങ്ങളിലീശ്വരർ പോലവേ.

---

ത്താൽ കൈവന്ന ഐശ്വര്യത്തെ നാട്ടുകാരോടൊപ്പം അനുഭവിയ്ക്കാം.

6. ആലംബം=താങ്ങ്. മാലോകർ.......പോയില്ലയോ—നാട്ടുകാർ കൊടുത്തതാണ് ചെങ്കോൽ; അതുകൊണ്ടുതന്നെ ഇവർ അവരെ തല്ലാൻ (ദ്രോഹിപ്പാൻ) തുടങ്ങി. ആ അനീതിമൂലം ചെങ്കോൽ ഒടിഞ്ഞുകഴിഞ്ഞു. ശാസ്ത്രജ്ഞർ=നീതിജ്ഞർ ദേവതാപ്രതിഷ്ഠാവിധിജ്ഞരെന്നും. ഗോത്രജർ=ഗോത്രത്തിൽ പിറന്നവർ. ക്ഷേത്ര.....................പോലവേ—മററുള്ളവരെ ഉപദ്രവിയ്ക്കാതെ, ഈശ്വരവിഗ്രഹങ്ങൾ പോലെ അനങ്ങാതെ സുഖമായി ഇരുന്നുകൊൾവിൻ. "പ്രത്യക്ഷ.......ഭാഷിതം......." രാജാവു പ്രത്യക്ഷദൈവമാണെന്ന ചൊല്ല് പണ്ട് അക്ഷരം പ്ര

Digitized By Kerala Sahitya Akademi

'പ്രത്യക്ഷദൈവതം രാജതിരോഷിതം
പ്രത്യക്ഷരം ശരിയായിരിയ്ക്കാം, പുരാ;
അല്ലരേ നേർമറിച്ചാദ്യയ്: മനുഷ്യതാ-
മർദ്ദകൻ മന്നനി,ന്നത്തെ നിഘണ്ടുവിൽ!

---

തി ശരിയായിരിയ്ക്കാം. ആ സ്ഥിതി ഇന്നു പാടേ മാറിപ്പോയി: ഇന്നത്തെ രാജാവ് എന്നുവെച്ചാൽ, മനുഷ്യത്വത്തെ മർദ്ദിയ്ക്കുന്നവൻ എന്നാണർത്ഥം!

Digitized By Kerala Sahitya Akademi

# നിലനില്പ്

(അന്നനട)

അതിഘോരം രണമവസാനിയ്ക്കയാ-
ലനീകസംകേതങ്ങളിൽനിന്നനനായ്

പിരിച്ചയയ്ക്കപ്പെട്ടുപാഗതന്മാരാം
തരുണകേരളപ്പടയാളികളേ,

ഒരിയ്ക്കൽക്കൂടി നമ്മുടെ മാതൃക്ഷിതി
വിരിച്ചു, വീരസുപ്രശസ്തി നിങ്ങളാൽ!

സ്വരാജ്യത്തിൽ മാനം സദാ പുലർത്തിക്കൊ-
ണ്ടിരുന്ന പൂർവ്വകരുടെ വീരരക്തം

കുറച്ചൊക്കെയിന്നുമിരിപ്പുണ്ടു വററാ-
തരിയ നിങ്ങൾതൻ വപുസ്സിരകളിൽ.

---

രണം — രണ്ടാംലോകമഹായുദ്ധം. അനീകസംകേതങ്ങൾ= പടപ്പാളയങ്ങൾ. ഉപാഗതന്മാർ. —വന്നവർ (പിരിച്ചയയ്ക്കപ്പെട്ട പട്ടാളക്കാർ.) ഒരി..........നിങ്ങളാൽ —നിങ്ങളുടെ യുദ്ധസാമർത്ഥ്യത്താൽ വീണ്ടും കേരളത്തിൻെറപ്രശസ്തി ലോകമെങ്ങും പ്രചരിച്ചു. സ്വരാജ്യ.......സിരകളിൽ—യുദ്ധസാമർത്ഥ്യത്തിൽ പേരുകേട്ട കേരളീയപൂർവ്വകരുടെ രക്തം നിങ്ങളുടെ ശരീരത്തിലെ ഞരമ്പുകളിൽ ഇപ്പോഴും വററാതെ നിൽപ്പുണ്ടെന്നു

Digitized By Kerala Sahitya Akademi

കരയിലുമലകടലിൽ വാനിലും
പൊരുത നിങ്ങടംതൻ പൊലിമ കാണ്കയാൽ,.
പുതുപടപ്പയററിന്നു മുമ്പരെന്ന
മദം വെള്ളക്കാരെക്കൊട്ടിറങ്ങിയിട്ടുണ്ടാം;
കറുപ്പിൻെറ കേററം വെളുപ്പിനെയൊരു
വിളപ്പാക്കിച്ചമച്ചിരിയ്ക്കാമപ്പോരിൽ;
കിഴക്കിൻെറ ഘോരത്തിളപ്പിൽ മേക്കിനു
കിളിത്തിരിയ്ക്കാം, മിത്തിരിയിരുടംനിറം!
നഭസി പീടംകിപ്പുകമറവിൽ നി-
ന്ന, ഭംഗമാം യുഷ്മന്നിശാഘവശൌര്യ്ം.

---

തെളിഞ്ഞു; ആശപാസകരംതന്നെ. കരയിലും.......വാനിലും= കര–കടൽ–വ്യോമയുദ്ധങ്ങളെന്നൎത്ഥം. പുതുപട... ...റങ്ങിയിട്ടുണ്ടാം. ഇന്നത്തെ പുതിയ യുദ്ധമുറയിൽ തങ്ങളാണു മുമ്പരെന്ന വെള്ളക്കാരുടെ ഡംഭു് കുറച്ചിറങ്ങിയിട്ടുണ്ടാവാം. കറുപ്പിൻെറ—ഏഷ്യക്കാരെ കറുത്തവരെന്നാണല്ലോ വൎഗ്ഗഡംഭുള്ള വെള്ളക്കാർ പറയാററു്. കറുപ്പിൻെറ—കേററം.......മപ്പോരിൽ–കറുപ്പന്മാരായ ഏഷ്യക്കാർ ഈ യുദ്ധത്തിൽ കേറിത്തള്ളിയതു കണ്ടു് അമ്പരന്നു വെള്ളക്കാർ വിളർത്തുപോയിരിയ്ക്കാം. കറുപ്പു വെളുപ്പോടു ചേൎന്നാൽ വിളപ്പുതോന്നുമല്ലോ. കിഴക്കിൻെറ..........ഇരുടം നിറം–കിഴക്കു തുടുത്താൽ പടിഞ്ഞാറു കറുക്കുമല്ലോ. ഏഷ്യാരാജ്യങ്ങളിൽ സൂൎയ്യോദയമായാൽ, പടിഞ്ഞാററൻ രാജ്യങ്ങളിൽ ഇരുട്ടാവുമല്ലോ. രണ്ടാംലോകമഹായുദ്ധത്തിന്നിടയിൽ ഏഷ്യാരാജ്യക്കാൎക്കിടയിൽ വളൎന്നുവന്ന സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെയും, അവരെ അടിമപ്പെടുത്തി

Digitized By Kerala Sahitya Akademi

തരള താരകമിഴികളാൽ നക-
ന്നിരിയ്ക്കു, മപ്പപ്പോഠം വരാപ്സരസ്സ്രീകഠം!

കെട്ടനാസിസഫാസിസങ്ങളെ ക്കെല്ലാൽ-
പ്പോടിനീറാക്കിയ സുഹൃൽക്കോയ്മകളാൽ

നടപ്പെട്ട ജയക്കൊടികളെല്ലിവി
നടനമാടിച്ചു പടുനട്ടുവരിൽ

അത്തുച്ഛമാം സ്ഥാനം ഭവാന്മാർതന്നടർ-
ക്കിതപ്പിനമുണ്ടെന്നഭിമാനിപ്പൂ ഞാൻ!

---

വെച്ചിരുന്ന യൂറോപ്യൻരാജ്യങ്ങഠക്ക തമ്മിലമുണ്ടായ ഇടിച്ചലിനെയും സൂചിപ്പിച്ചിരിയ്ക്കുന്നു. നഭസിൽ=ആകാശത്തിൽ. അഭംഗം=ഇടിവില്ലാത്തതു്. നിശാഹവശൌര്യം=രാത്രിയുദ്ധത്തിലെ ശൌര്യം. തരളതാരകമിഴികഠം=തിളങ്ങുന്ന നക്ഷത്രങ്ങളാകുന്ന കണ്ണുകഠം. വരാപ്സരസ്സ്രീകഠം=ശ്രേഷ്ഠകളായ ദേവസ്ത്രീകഠം. ആകാശത്തിൽ പിറകിപ്പടയുടെ മറവിൽനിന്നു (മനുഷ്യർ കാണാതിരിയ്ക്കാൻ മറഞ്ഞുനിന്നു്) നിങ്ങഠം കാണിച്ച യുദ്ധപരാക്രമങ്ങളെ ദേവസ്ത്രീകഠം സകൌതുകം നോക്കിക്കണ്ടിരിയ്ക്കും. വളരെ വളരെ യുദ്ധങ്ങഠം കണ്ടിട്ടുള്ള അപ്സരസ്സ്രീകഠംക്കുടി നോക്കിനില്ക്കാൻ തോന്നത്തക്കവിധത്തിലുള്ളതായിരുന്നു, നിങ്ങളുടെ യുദ്ധപരാക്രമമെന്നു് നക്ഷത്രങ്ങളെ ദേവസ്ത്രീകളുടെ കണ്ണുകളായികല്പിച്ചിരിയ്ക്കുന്നു. സുഹൃൽക്കോയ്മകഠം— ബ്രിട്ടൻ, അമേരിയ്ക്ക, റഷ്യ എന്നീ മിത്രരാജ്യങ്ങഠം. ഭിവി=ആകാശത്തിൽ. പടുനട്ടുവർ=മിടുക്കന്മാരായ നൃത്താചാര്യന്മാർ. അത്തുച്ഛം=നിസ്സാരമല്ലാത്തതു്. കെട്ടളിഞ്ഞ നാസിസത്തെയും ഫാസിസത്തെയും തോല്പിച്ചു മിത്രരാജ്യങ്ങഠം ആകാശത്തിൽ പാറിച്ച ജയക്കൊടികഠം നൃത്തംചെയ്യുന്നതു്.

Digitized By Kerala Sahitya Akademi

2. ഒരു കണക്കിൽക്കെട്ടടങ്ങി, വിശ്വത്തെ-
യെരിച്ച തീയ്യാമപ്പെരുംപട;-യെന്നാൽ
ഒരു യുദ്ധമുണ്ടു-വറുതിതൻ യുദ്ധം—
മുറുകി നില്ക്കുന്നു, ഭവാന്മാർതൻ നാട്ടിൽ

പരാക്രമിയാമിപ്പരിപന്ഥി ചാട്ട-
മറു പട്ടിണിയാം കൊടും തീയുണ്ടയാൽ

എരിപൊരിക്കൊള്ളാതെവനെവനു?-ശ്ശോ,
വെറുംമൃതപ്രായം ഭവൽപ്രിയരാജ്യം!
ഭടമാറാപ്പിനാൽ മുഴച്ചിരുന്നതാം
ഭവൽപൃഷ്ഠത്തിൽ മറ്റൊരു മഹാഭാണ്ഡം—

സ്വമാതൃഭൂദൈന്യനിവാരണഭാരം—
ചുമത്തപ്പെട്ടിതു ദശാവൈശസത്താൽ!

---

പടയാളികളുടെ കിതപ്പാലാണ്—അതിൽ നിങ്ങളുടെ അടർക്കിതപ്പിന്നും ഒരു പങ്കുണ്ട്—അതിന്നു എന്റെ നാട്ടുകാരായ നിങ്ങളും പൊരിഞ്ഞ യുദ്ധംവെട്ടിയിട്ടുണ്ടെന്നതിൽ എനിക്കഭിമാനമുണ്ട്.

2. ലോകത്തെ മുഴുവൻ ചുട്ടെരിച്ച (ബോംബേറിനേയും മററും വ്യഞ്ജിപ്പിക്കുന്നു.) തീയ്യാകുന്ന ആ യുദ്ധം ഒരുവിധത്തിൽ അവസാനിച്ചു; പക്ഷെ ഇതാ മറെറാരു യുദ്ധം—ക്ഷാമമാകുന്ന യുദ്ധം—നിങ്ങളുടെ നാട്ടിൽ കൊടുമ്പിരിക്കൊണ്ടിരിക്കുന്നു. പരിപന്ഥി=ശത്രു. തീയ്യുണ്ട=ബോമ്പ്. ക്ഷാമം പട്ടിണിയാകുന്ന ബോംബെറിയുന്നു; ഇതിൽ വെന്തുപോകാത്ത ഒരു ജീവജാലവുമില്ല ഭവൽപ്രിയരാജ്യം=നിങ്ങൾക്ക പ്രിയപ്പെട്ട രാജ്യം, കേരളം. ഭട..........മുഴപ്പിരുന്നതാം—ഇതേവരെ പട്ടാളമാറാപ്പുകൊണ്ടു മുഴച്ചതായിരുന്ന നിങ്ങളുടെ പുറം. ഇപ്പോഴ

Digitized By Kerala Sahitya Akademi

വെടിവെച്ചാലൊരു ചെറുപോറൽ പോലും
പെടുകില്ലിപ്പിശാചിനു യോദ്ധാക്കളേ.,
ഝടിതി പഞ്ഞത്തിൻ കഴുത്തു കൊത്തുവാ-
നെടുക്കു, തൂമ്പയാം കുലായുധം തന്നേ-
പതറാതേ തോക്കു പിടിച്ച കൈകൾക്കു
പതിർപോലെകയ്ക്കോട്ടതിലഘുവല്ലീ?
അസ്ത്രു വിനാശകം;-മിതോ വിധായകം:
ഹതിയല്ല, പാരിന്നിതം സൃഷ്ടിയത്രേ.
3. ലളിതജീവിതപരർ നിങ്ങൾക്കിങ്ങു
വളരെയുണ്ടല്ലോ, തരിശുഭൂമികൾ

---

ഇതാ മറെറാരു മഹാഭാണ്ഡം—സ്വമാതൃഭൂദൈന്യനിവാരണഭാരം (തങ്ങളുടെ മാതൃഭൂമിയുടെ ദൈന്യ (ദാരിദ്ര്യ)ത്തെ തടുക്കുകയാകുന്ന ഭാരം) ചുമത്തപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു വിശ്രമിക്കാനിടയായിട്ടില്ല. ദശാവൈശസം=ദശാ(കാല)ദോഷം. വെടി......യോദ്ധാക്കളെ—ഈ ശത്രു സാധാരണ ശത്രുവല്ലെന്നു്. വെടിവെച്ചുകൊല്ലാൻ കഴിയില്ല; ഈ ശത്രുവിനെ നശിപ്പിക്കാൻ—നമ്മുടെ കുലായുധമായ തൂമ്പ (കൈക്കോട്ടുതന്നെ) വേണം. കൈക്കോട്ടെടുത്തു കിളച്ചു കൃഷിചെയ്തു്, നാട്ടിലെ പട്ടിണിയവസാനിപ്പിക്കണമെന്നഭിപ്രായം. ലഘു=കനമില്ലാത്തതു്. അസ്ത്രു്=തോക്കു്. വിനാശകം=നശിപ്പിക്കുന്നതു്, ഇതോ കൈക്കോട്ടാകട്ടേ, വിധായക (സൃഷ്ടിക്കുന്നതു്)മാണു്. ഹതി=സംഹാരം. ഇതം=ഹിതം (ഇഷ്ടം); ലോകത്തിനു സംഹാരമല്ല. സൃഷ്ടിയാണു് ഇഷ്ടം.

3. ലളിതജീവിതപരർ=ലഘുജീവിതത്തിൽ താൽപര്യമുള്ളവർ. വിഭൂതി=ഐശ്വര്യം. തരിശുനിലങ്ങൾ തെളിഞ്ഞ

Digitized By Kerala Sahitya Akademi

തെളിവിഭൂതിയെത്തരുവാനായ്ക്കൊത്തും
കിളയുമിച്ഛിച്ചു കിടക്കുന്നു പുറം.
കുലധർമ്മം കൃഷിത്തൊഴിൽ നമുക്കെല്ലാം;
നിലങ്ങളോ,നാനാവിഭവഗർഭങ്ങൾ—
അലജ്ജരായന്യധനങ്ങൾക്കുതൻ മുന്നിൽ
മലർത്തുന്നതെന്തിന്നി,രപ്പുകൈകൾ നാം?
പണിയില്ലാത്ത കയ്യു,നാഹാരം വയ
റു,നക്ഷരം മുഖ,മസംസ്കാരം മനം—
ഇനിമേലിൽക്കാണാകരുതിതൊന്നുമേ,
മനീഷിമാരുടെ മലയാളനാട്ടിൽ.

---

ഐശ്വര്യത്തെ പ്രദാനംചെയ്യാനായി, കൊത്തും കിളയും ഇച്ഛിച്ചു കാത്തുകിടക്കുകയാണ്; നിങ്ങൾ ഒരുങ്ങുകയേ വേണ്ടൂ. നാനാവിഭവഗർഭങ്ങൾ=ഉള്ളിൽ (അടിയിൽ) പലതരം വിഭവങ്ങളുള്ളവ. അലജ്ജർ=ലജ്ജയില്ലാത്തവർ. ഇരപ്പുകൈകൾ=ഭിക്ഷയാചിക്കുന്ന കൈകൾ. നമ്മുടെ നാട്ടിൽ നാനാവിഭവങ്ങൾ വിളയുന്ന നിലങ്ങൾ ഉണ്ടായിരിക്കെ, അന്യധനങ്ങൾക്ക് (മററുള്ളവരുടെ വിഭവങ്ങൾക്കായി) നാം നാണമില്ലാതെ എന്തിനിരക്കണം? മനീഷിമാർ=ബുദ്ധിമാന്മാർ. പണിയില്ലാത്ത കയ്യ്, ആഹാരമില്ലാത്ത വയറ്, അക്ഷരാഭ്യാസമില്ലാത്ത മുഖം, സംസ്കാരമില്ലാത്ത മനസ്സ് ഇതൊന്നും ബുദ്ധിമാന്മാരുടേതായ ഈ മലയാളനാട്ടിൽ ഉണ്ടാകാൻ പാടില്ല. ബുദ്ധിയുപയോഗിച്ചു നാട്ടിലെ തൊഴിലില്ലായ്മയേയും മററും നീക്കണം. സുഭിക്ഷം=ഐശ്വര്യം. കൃഷിഐശ്വര്യത്തെ മുളപ്പിച്ചു വളർത്തുന്നു; കൈത്തൊഴിൽസുഖങ്ങളെ നെയ്തെടുക്കുന്നു—ആൽ

Digitized By Kerala Sahitya Akademi

സുഭിക്ഷത്തിൻ മുള വളർപ്പതു കൃഷി;
സുഖങ്ങൾ നെയ്തുനൂല്പതേ വ്യവസായം;
ഭവ്യങ്ങൾ നിരത്തലേ വണിക്ചര്യ;-
ഇവ മൂന്നിലത്രേ, നിലനില്പൂ ലോകം.

---

നൂല്പും നെയ്ത്തും മററും സുഖത്തെ വളർത്തുന്നതാണ്; വണിക്ചര്യ (വാണിജ്യം, കച്ചവടം) ഭവ്യങ്ങൾ (നന്മകൾ) നിരത്തിവെയ്ക്കുന്നു. കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നിവയിലാണ് ലോകം നിലനില്ക്കുന്നതു്; ഇവയിലേതിലെങ്കിലു മേർപ്പെടാൻ - പിരിഞ്ഞുവന്ന പട്ടാളക്കാരോടു് കവി ഉപദേശിക്കുന്നു.

ജി. കെ. സി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi